

## ലിറ്റിൽ കൈറ്റ്സ് 2018–19

# വിരൽത്തൊട്ട പട്ടങ്ങൾ....



എസ്.എൻ.ജി.എസ്.എച്ച്.എസ്.എസ് കാരമുക്ക്

# വിരൽത്തൊട്ടിപ്പാട്ടുകൾ....

## 2018-19




**ഭാവിയുടെ പൂക്കളും കായ്കളും വിരിയിരിക്കുന്ന മരങ്ങളാണ് വിദ്യാലയങ്ങൾ**

**ശ്രീനാരായണ ഗുപ്തസാമാജം ഹയർ സെക്കണ്ടറി സ്കൂൾ കാരമുക്ക്**


**LITTLE KITE's MAGAZINE**

# ശ്രീനാരായണഗുരു




സൂര്യൻ ഉദിക്കുമ്പോൾ ഇരുട്ട് മാറിപോകുന്നതുപോലെ
അറിവ് ഉദിക്കുമ്പോൾ അജ്ഞ്ഞതയും മാറിപോകുന്നു.

# സമർപ്പണം



അക്ഷരലോകത്ത് എസ്.എൻ.ജി.എസിന്റെ നാമം
അനശ്വരമാക്കിയ നമ്മുടെ പ്രഥമ പ്രധാനാധ്യാപകനും
സാഹിത്യകാരനുമായിരുന്ന കെ.എസ്.കെ.തളിക്കുളത്തിന് പ്രണാമം



# സന്ദേശം

സ്കൂൾ വിദ്യാർത്ഥികളുടെ കലാസൃഷ്ടികൾക്ക് വാങ്മയചിത്രം ചമക്കുന്നതിനുള്ള ഏറ്റവും ശക്തമായ ഉപാധിയാണ് വിദ്യാലയ മാഗസിനെന്നത് അവിതർക്കിതമാണ്. സർഗ്ഗധനരായ പ്രതിഭകൾക്ക് ഇടം നൽകാൻ ലിറ്റിൽ  കൈറ്റ്സ് തയ്യറാക്കിയ മാസസിൻ കമ്മിറ്റി ശ്രമിച്ചിട്ടുണ്ടെന്ന് വിശ്വസിക്കുന്നു. 2018-19 ലെ **വിരൽതൊട്ടപട്ടങ്ങൾ** എന്ന വിദ്യാലയ മാഗസിന് എന്റെ ആശംസകൾ...



**കെ.കെ. മിനി**

ഹെഡ് മിസ്ട്രസ്സ്

# മുഖമൊഴി

പ്രിയ കൂട്ടുകാരെ,

പുതിയൊരു സംരംഭത്തിന് നാന്ദികുറിക്കുകയാണിവിടെ. ഒരു ഡിജിറ്റൽ മാഗസിൻ ഇവിടെ പിറവി കൊള്ളുകയാണ്. കൊച്ചുകൊച്ചു സ്വപ്നങ്ങളുടെ സാക്ഷാത്കാരമാണ് ഇനിയുള്ള താളുകൾ. ഒരു മാഗസിനുവേണ്ട ചേരുവകളെല്ലാം ഉൾക്കൊണ്ട ഒന്നായി നിങ്ങളിതിനെ വിലയിരുത്തരുത്. ഒട്ടും പരിചയമില്ലാത്ത കുറെ മനസ്സുകളുടെ ഭയങ്ങളും വിഹ്വലതകളും മാത്രം ഒരു പക്ഷേ നിങ്ങളിതിൽ കണ്ടേക്കാം. നിയതമായ രൂപഘടനയുള്ള പാഠപുസ്തകങ്ങൾക്കപ്പുറത്തുള്ള മനസ്സുകളുടെ മേച്ചിൽപ്പുറങ്ങളാണ് ഈ മാഗസിനെന്ന് വിശേഷിപ്പിക്കാനാണ് കൂടുതൽ താല്പര്യം. പഠനകാര്യങ്ങളിൽ ഔന്നത്യം പ്രകടിപ്പിക്കുമ്പോൾ പോലും നാം ജീവിക്കുന്ന സമൂഹത്തിന്റെ വേദനകൾ ഉൾക്കൊള്ളുന്നതിൽ നാമെല്ലാം പരാജയപ്പെടുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഈ മാഗസിൻ നിങ്ങളിലേക്ക് സമർപ്പിക്കുകയാണ്...

യാന്ത്രികതയിൽ മുങ്ങികൊണ്ടിരിക്കുന്ന നമ്മുടെ മനസ്സുകളുടെ ഉൾത്തുടിപ്പുകൾ പരമാവധി ഉൾപ്പെടുത്തികൊണ്ട്...

ഇനി ചിന്തകൾ നിങ്ങളുടേതാണ്...

മൂർച്ചയേറിയ മനസ്സുകളുടെ സ്പന്ദനങ്ങളിലേക്ക് സ്വാഗതം.

സ്നേഹപൂർവ്വം

എഡിറ്റർ

എഡ് വിൻ റാഫി

ക്ലാസ് IX A

# ഉൾത്തുടിപ്പുകൾ...





മായക്കാഴ്ചകൾ..........9

നാട്ടപൊലിക..........,,,,,,,,,,10

പ്രളയം ബാക്കിവെച്ച ജീവിതം..........11

പ്രകൃതി..........11

എന്റെ പ്രണയം..........12

സന്തോഷം..........12

വിട്മാറ്റം..........13





ആരാണ് ഇത് കണ്ടുപിടിച്ചത്..........15

അമ്മ..........17

ഉണ്ണി കൊടുത്ത സമ്മാനം..........18

കരിപുരണ്ട ജീവിതങ്ങൾ..........19

കെ.എസ്.കെ.യും ഞാനും എന്റെ വിദ്യാലയവും..........20

എന്റെ മണിക്കുട്ടി..........23

അമ്മമനസ്സ്..........24

കൊച്ചുകുട്ടിയോടുള്ള നന്മ..........26

ഓർമ്മച്ചിത്രങ്ങൾ..........27






വൈക്കം മുഹമ്മദ് ബഷീർ..........31

ലഹരിയിൽ നിന്നുള്ള മനുഷ്യന്റെ അതിജീവനം..........32

അച്ചടക്കവും വിദ്യാർത്ഥികളും..........34

സാമൂഹ്യ പരിഷ്കർത്താവായ കുഞ്ഞയ്യപ്പൻ..........35






ആൻഫ്രങ്കിന്റെ ഡയറിക്കുറിപ്പുകൾ..........41

വായിച്ചുവളർന്ന കഥ..........42

ഉത്തരാഖണ്ഡ്..........43





ചിത്രആൽബം..........46

പിന്നെഴുത്ത്..........50

എഴുതി മായ്ക്കാൻ
ഒരു വരി
കിട്ടിയിരുന്നെങ്കിൽ
ഒരു കവിത എഴുതാമായിരുന്നു....



# കവിത



# മായക്കാഴ്ചകൾ

ചോരത്തിളപ്പിൻ പ്രായമാ
നൂല് വിട്ട പട്ടത്തിന് തുല്യം
പറന്ന് നടക്കുന്ന ഞാനും
സ്വതന്ത്രമായ മായാലോകം

സ്വപ്നങ്ങൾ മാത്രമായി എൻ ജീവിതം
പട്ടംപോലെ പൊങ്ങുന്ന ലക്ഷ്യമില്ലാതെ
എൻ തെറ്റുകൾ ചൂണ്ടികാണിക്കുന്നവർ
ജീവിതത്തിൽ എൻ ശത്രുക്കൾ

ബിരുദത്തിന് വേണ്ടി അയച്ച പാഠശാല
എനിക്കൊരു മായാലോകം തീർത്തു
മായാലോകത്തിൽ ഞാൻ കണ്ടതെല്ലാം
പുസ്തകത്തിലല്ലാത്ത പാഠങ്ങൾ

ബിരുദത്തിന് പകരം ഞാൻ
പഠിച്ചത് അരുമയില്ലാ രാഷ്ട്രീയം
എടുത്തത് രാഷ്ട്രീയ കൊടിയും

ആർക്കോവേണ്ടി ഞാൻ
മുദ്രാവാക്യങ്ങൾ ഉയർത്തി പാടി
ആർക്കോവേണ്ടി ഞാൻ
യേമാൻമാരുടെ ഫാസിസം
എൻ നെഞ്ചിലും പകർത്തി



ശരിയെന്നോ തെറ്റെന്നോയറിയാതെ
ഇരുളിന്റെ പാതയിലൂടെ നടന്ന ഞാനും
ആർക്കോവേണ്ടി ഞാനെൻ ജീവിതം
ഉഴിഞ്ഞുവെച്ചു

എന്തിനും ഏതിനും സൗഹൃദം
ലഹരി എന്ന സൗഹൃദം കൂട്ടതലും
സുഹൃത്തുക്കൾ എന്ന സ്നേഹവും
അവർ തന്ന ലഹരിയ്ക്കും
വേണ്ടി ഞാൻ യേമാൻമാരുടെ ജയിൽ അറയ്ക്കുള്ളിൽ
സൗഹൃദവും ലഹരിയും കൂടെ
കമ്പിക്കുള്ളിൽ നിന്ന് മോചിപ്പിച്ചു
ലഹരി തന്ന ലോകം
ലഹരി എന്ന സൗഹൃദം

ഒരുപാട് ദൂരം കൊണ്ടുപോയി

സിറിഞ്ചിനെ പേടിയുള്ള ഞാൻ
സിറിഞ്ച് ഉപയോഗിക്കാൻ തുടങ്ങി

പാറിപറക്കുന്ന ഞാനും
അമ്മ കാലിൽ പിടിച്ചു കേണു
അരുത് മകനേ നീ ജീവിതം
വായുവിൽ വീർപ്പിച്ച് തീർക്കും
പരുന്തിനെപോലെ തട്ടിക്കളയരുത്

അമ്മതൻ കണ്ണീർ
പുച്ഛത്തോടെ നിരസിച്ചു.
ഒടുവിൽ ഞാൻ അറിഞ്ഞു
ഇരുളിൻ സൗഹൃദം നശിപ്പിക്കുമെന്ന്

ആ ചെന്നായ്ക്കൾ എന്നെ
മരണത്തിലേക്ക് ചവിട്ടിത്താഴ്ത്തി
ഇരുളിൽ നിന്ന് അട്ടഹസിച്ചു
മരണത്തിൽ നിന്ന് രക്ഷപ്പെടാൻ
പ്രാന്തനെ പോലെ അലറി

ദൈവം പ്രത്യക്ഷപ്പെട്ടു എൻ അമ്മയിൽ
ഇരുളാം ലോകത്തു നിന്ന്
വെളിച്ചത്തിലേക്ക് കൈപിടിച്ചു കയറ്റി
ജീവിതം എന്ന പുസ്തകത്തിൽ
ഈ അനുഭവ പാഠം തീർന്നു

ഒരിക്കലും മറക്കില്ല ദൈവമേ
തിരിയുകയില്ല നടന്ന വഴികളിലേക്ക്
ഇനി ഒരു തിരിച്ചു പോക്കില്ല

ലഹരിയെന്ന എൻ പ്രണയിനി
ഇന്ന് എൻ തോൽവിയായ
പ്രണയത്തിൻ വഞ്ചകി മാത്രം.



**സച്ചു സന്തോഷ്.കെ**
ക്ലാസ് X A

# നാട്ടുപൊലിക

നേരം പുല്ർക്കാല നേരമായി
കേരള പിറവി തൻ ആഘോഷായി
എങ്കിലോ ഉണ്ണി കരഞ്ഞീടുന്നു
" വെറുതെ കരയുന്നതെന്തിനുണ്ണീ
നേരമായി സ്കൂളിൽ പോയിടണ്ടേ ?"
കേരളത്തെയൊന്ന് കവിതയായെഴുതണം
അല്ലെങ്കിൽ ഞാനിന്നു പോകയില്ല.
അമ്മ തൻ ഓർമ്മകൾ മെല്ലെ മെല്ലെ
നാട്ടിൻപ്പുറത്തേക്ക് തെന്നി നീങ്ങി
മലയുണ്ട് കടലുണ്ട് വയലുണ്ട്
വയലിൽ പറക്കും ചെറുകിളികളുണ്ട്
പൂനകരാൻ വർണ്ണത്തുമ്പിയുണ്ട്.
തുമ്പപ്പൂ നുള്ളാൻ ഉണ്ണിയുണ്ട്
പൂവിടാനായ് ഓണക്കളവുമുണ്ട്.
"പിന്നെയെന്തുണ്ടമ്മേ കേരളത്തിൽ?"
വള്ളംകളിയുണ്ട് തോറ്റമുണ്ട്
തോറ്റം പാട്ടോതുവാൻ പാണനുണ്ട്
ഓണക്കളിയും കളമെഴുത്തും
നാവേറു പാടുന്ന പുള്ളുവരും
തെയ്യം തിറയും പുലിക്കളിയും
മുടിയഴിച്ചാടുന്ന സർപ്പിണിയും
മാനും മയിലും കുയിലുകളും
മാവിൽ നിറഞ്ഞ തേൻ മാമ്പഴവും
ഇല്ലം നിറച്ചൊരു ഓണക്കാലം
മാവേലി തമ്പാന്റെ ഭരണകാലം
"പിന്നെയെന്തുണ്ടമ്മേ കേരളത്തിൽ?"
പാവക്കൂത്തും നല്ല നാടൻപ്പാട്ടും
വട്ടക്കളിയും കഥകളിയും
ഒത്തൊരുമിക്കും വടംവലിയും
ചാടിക്കളിക്കുന്ന കോൽക്കളിയും
നാടിതൊന്നുള്ളൂ ത്രിഭുവനത്തിൽ
കേരങ്ങൾ തിങ്ങിയ നന്മ നാട്
"പിന്നെയെന്തുണ്ടമ്മേ കേരളത്തിൽ?"
ഒപ്പനയും തിരുവാതിരയും
മാർഗ്ഗംകളിയും ഒത്തുചേർന്നാൽ
ഹരിതാഭയാർന്നോരീ കേരളത്തെ
വർണ്ണ പുളകിതയാക്കീടുന്നു.



ദീപ പ്രഭയാൽ നവരാത്രിയും
റംസാൻ നിലാവും തിരുപ്പിറവിയും
കേരളനാടിനെ ധന്യമാക്കി
കൊട്ടും വെടിക്കെട്ടും കേരളത്തെ
പൂരപ്രപഞ്ചത്തിൻ വേദിയാക്കി
ഒന്നായി നന്മകളുള്ളറിഞ്ഞ്
ഒന്നായിരുന്നൊരു കാലമുണ്ട്
"എന്തിനാണമ്മക്കീ ആവലാതി?
ഇന്നത്തെ കേരളം മാറിപ്പോയോ"
കൊലയും ചതിയും കളവെടുപ്പും
വർഗ്ഗബോധങ്ങളും തീണ്ടാരിയും
നാടിനെ ത്തന്നെ വിഴുങ്ങീടുന്നു.
നവകേരളത്തെ പടുത്തുയർത്താനായ്
വാനോളം പൊന്തും വികസനങ്ങൾ
കേരള നാടിനെ കരിച്ചുണക്കി.
ഹരിതാഭകൾ വെറും ഭംഗിവാക്കായ്
പാഠഭാഗത്തെ ചിത്രങ്ങളായ്
വെട്ടിത്തെളിക്കുന്ന യന്ത്രങ്ങളും
അവ നിയന്ത്രിക്കുന്ന മാനുഷരും
കലികാല വൈഭവം കാട്ടും നേരം
പ്രകൃതിതൻ ക്രോധം പ്രളയമായി
മാരിയായ് വന്ന് ആഞ്ഞടിച്ചു
പ്രകൃതിതൻ വേട്ടയെ തച്ചുടച്ചു.
ദുരിതകയത്തിൽ ഒന്നായവർ
വീണ്ടും പടവെട്ടാൻ ഒരുമ്പിടുന്നു
ഒരുമയാം നാടിനെ പടുത്തുയർത്താനായ്
ഇനിയും പ്രളയം വരേണ്ടതുണ്ടോ
കേരളനാടിതിൻ മനസ്സറിയൂ
നാടിന്റെ നന്മയിൽ വിശ്വസിക്കൂ.



**ദൃശ്യ രാമചന്ദ്രൻ**



## പ്രളയം ബാക്കിവെച്ച ജീവിതം



ദേവാംഗന.കെ.പി
ക്ലാസ് VI A

പ്രളയം ഒരുനാൾ വന്നപ്പോൾ
മനുഷ്യരാജ്യം ഒഴുകി പോയി
ധനമുള്ളവനും ഇല്ലാത്തവനും
ഒരു പോലെ പരഗതിയായ്
മതവും പോയി ധനവും പോയി
ജീവനായി യാചന മാത്രം
കിട്ടിയ കരം അന്ന്
ഈശ്വര തുല്യം
കാടും മേടും ഒഴുകി പോയി
കൊട്ടാരങ്ങൾ ഒലിച്ചു പോയി
സന്തോഷം പ്രളയത്തിൻ കൂടെ പോയി
ആഗ്രഹമെന്നൊരു കൊട്ടാരം
കടലാസുപോലെ മുങ്ങി പോയി
പ്രകാശ രശ്മികളെ മാറ്റി
നിഴൽ ആകെ പരന്നല്ലോ
എവിടെ ദൃഷ്ടി പതിപ്പിച്ചാലും
വലിയൊരു ശൂന്യത മാത്രമായി
ഓണം എന്നൊരു ഉത്സവമില്ല
ഓണത്തപ്പൻ വന്നതുമില്ല
മിഴികൾ കവിഞ്ഞു പോകും പോൽ
പുഴയും കവിഞ്ഞു പോയല്ലോ
ചിരിയും കളിയും മാഞ്ഞു പോയി
കണ്ണീർ കടലിൽ മുങ്ങി പോയി
പ്രളയം വന്നു പോയപ്പോൾ
മനുഷ്യനെ ഒന്നു സ്മരിപ്പിച്ചു
നീയെന്നും ഒരു പുഴുവല്ലോ
പ്രകൃതിയാണ് മാതാവ്
വെളിച്ചത്തിന് ചുറ്റും പാറുന്ന
ഒരു ഈയാംപാറ്റയെ പോലല്ലോ
അവസാനം ചിറകറ്റു
വീഴുക തന്നെ ചെയ്യും
അരുതെ ഇനി ഈ തെറ്റ് ചെയ്യരുതേ
പ്രളയം ഒന്നുമിനി ബാക്കി വെയ്ക്കില്ല.

## പ്രകൃതി



**അഭിഷാ ഷാജു**
ക്ലാസ് X B

നീ എൻ ജനനിയായ് സ്നേഹമായ്
താങ്ങായ് തണലായ് കൂടെ
എന്നോടൊപ്പം ചേരും
ഒരു സന്തോഷക്കൂട്ടായ് എപ്പോഴും
നന്മതൻ വിത്തുകൾ പാവി നീ
നട്ടു നനച്ചു വളർത്തി എന്നെ...
കൈകൾ കോർത്ത് നെഞ്ചോട് ചേർത്ത്
നിന്നെ ഞാൻ എല്ലായ്പ്പോഴും
നിന്ന് നോവിക്കുന്നവരാരോ
തിരിച്ചടി നൽകണം ശീഘ്രം തന്നെ
നിൻ മനം നോവും നേരം
പുഞ്ചിരിയേകാം ഞാൻ ഇനി വരും കാലം
സ്നേഹത്തിൻ തളിരായ് മൊട്ടായ് പിന്നെ
പൂവായ് ഞാൻ നിന്നോട് കൂടെ
നിന്നിൽ ഭയവും വിശ്വസ്തതയും
നേരിയ തോതിൽ തോന്നിപ്പിച്ചു.
സ്വർഗ്ഗമാകും നിന്നെ ഇല്ലാതാക്കാൻ
തോന്നിയവരെ കാട്ടി നീ നേർവഴി
നീയെൻ ജനനി നീയെൻ സ്നേഹം
നീയാണെൻ താങ്ങും നീയാണെൻ തണലും...

**മാഗസിൻ കമ്മറ്റി**

സ്റ്റാഫ് എഡിറ്റേഴ്സ്
ദിനേഷ്.ഇ.വി
ദൃശ്യ രാമചന്ദ്രൻ
ബിന്ദു ഭാസ്കർ
**സ്റ്റുഡന്റ് എഡിറ്റേഴ്സ്**
എഡ്വിൻ റാഫി
അതുൽകൃഷ്ണ.വി.എ
ലോയ്ഡ്.ടി.ജെ
അപർണ്ണ.കെ.എച്ച്
സാന്ദ്ര മരിയ തോമസ്
**കവർ ഡിസൈൻ**
ഷാരോൺ രാജേന്ദ്രൻ




**സി.ആർ.ദേവാനന്ദ്**
ക്ലാസ് X A

## എന്റെ പ്രണയം



കാണുവാൻ കൊടുക്കുന്ന നിൻ
കുസൃതിയും പുഞ്ചിരിയും
നീ തന്ന സ്വപ്നങ്ങൾ,മധുരമാം ഓർമ്മകൾ
നെഞ്ചോടു ചേർത്ത്.........വച്ചിടാം......
ഒരുവട്ടം കൂടി കാണുവാൻ കൊതിക്കുന്നു
നിൻ പ്രസന്നമാം ശ്രുമുഖം
ഇനിയും കാത്തിരുന്നീടാം ഞാൻ
നീ എൻ സ്വന്തമാകുവോളവും.





## സന്തോഷം

സന്തോഷത്തിൻ പെരുമഴ വരുമ്പോൾ
പാറി നടക്കും പറവയെ പോലെ
തേൻ നുകരുന്നൊരു മധുപം പോലെ
നൃത്തം ചെയ്യും മയിലിനെ പോലെ

വെളുത്ത മാടപ്രാവിനെ വെല്ലും
വെളുത്ത തുമ്പ പൂവും ഉണ്ടേ
അതിമനോഹരം നമ്മുടെ ഭൂമി
കാടും മേടും പുൽത്തകിടുകളും

പുഞ്ചിരിതൂകി വരുന്നൊരു പുലരിയെ
മാടിവിളിക്കും കുയിലിനെ പോലെ
കളകളം പാടി വരുന്നൊരു നദിയെ
വരവേൽക്കുന്നൊരു കാറ്റിനെ പോലെ

സന്തോഷത്തിൻ പെരുമഴ വരുമ്പോൾ
പാറി നടക്കും കാറ്റിനെ പോലെ.........



**ശിവപ്രിയ.പി.പി**
ക്ലാസ്. VIIA

# വീട് മാറ്റം

**രാ**ത്രിയിലായിരുന്നു
ഞങ്ങളുടെ വീട് മാറ്റം
എല്ലാ ശുഭമുഹൂർത്തങ്ങൾക്കും
ഒടുവിൽ
ഒരാമാവാസ രാത്രിയിൽ
അതിഥികളും
ആരവങ്ങളുമില്ലാതെ
നിശ്ശബ്ദം
ഒരു കിളി തന്റെ കൂടൊഴിയുന്നതു
പോലെ
ഏകാന്തം

ഒഴിഞ്ഞ മുറികൾ
ഓർമകളുടെ മുറിവടയാളം തടവി
തേങ്ങുകയാവാമെന്നു
അമ്മ തിരിഞ്ഞു നിന്നു
ഇടനാഴിയിൽ
നനഞ്ഞ ഇരുളിൽ
മരിച്ചുപോയ പെങ്ങൾ
കരിഞ്ഞുവെന്നച്ചൻ
നെഞ്ചകം വിങ്ങി
എനിക്ക്
കളിക്കൂട്ടുകാരിയെ വേർപെടുന്ന
വ്യഥയായിരുന്നു
എന്റെയാദ്യ ചുവടിനു
ചുമൽ കുനിച്ച ചുവരുകൾ
ആദ്യ വീഴ്ചയിൽ
പൂമെത്തയായ നടപ്പുര
ആദ്യ ചുംബനത്തിന്റെ
പൊള്ളുന്ന സിരകൾ നൽകിയ
മച്ചകം

ഇനിയുമെന്തോ
ഇനിയുമെന്തോ എന്നു
പടിയിറങ്ങാൻ വേദനിച്ച
അമ്മ വ്യർത്ഥം
പഴയ വീടിന്റെ
ഉള്ളകം തിരയുന്നു
അച്ഛനോരോ ചുവടിലും
ആരുടെയൊക്കെയോ ഓർമകളിൽ
ഹൃദയം കൊളുത്തി നിൽക്കുന്നു.
മടിച്ചു നിൽക്കും
അമ്മയെ
ചുമൽ ചേർത്തു
പടിയിറങ്ങുന്നു.


സ്മിത്ത് അന്തിക്കാട്

ഒഴിഞ്ഞ മുറിയിൽ
വേർപെടുന്ന വേദനയോടെ
ഒരു കാറ്റെന്നെ പുണരുന്നു.

പുന്നെല്ലിൻ സുഗന്ധം
കൊയ്തു മെതിച്ച
നെല്ലിൻക്കുനക്കരികിൽ
വൈക്കോലും വിയർപ്പും മണക്കുന്ന
ഒരുടലിന്റെ വശ്യസാമീപ്യം

ഉത്സവനാളിൽ
മഞ്ഞളും നിലാവുമണിഞ്ഞു
തോറ്റം പാട്ടാടി
നന്തുണി മീട്ടി
നാഗകലിയുമായെന്നിൽ
നിറഞ്ഞാടി
കളം മായ്ച്ചു
രാത്രിയോർക്കുന്നു
കൂർത്ത നഖങ്ങളിലെന്നെ
ആരോ
കോർത്തെടുത്തു പറന്ന രാത്രിയിൽ
ആദ്യമഴയേറ്റു ശമിച്ച
ഭൂമിയെ മണക്കുന്നു ഞാൻ.

ഓർമയുടെ മാറാപേറ്റി
പടിയിറങ്ങുന്നു ഞാൻ
പിറകിലാരോ
മനം നൊന്തു തേങ്ങുന്നു.
പഴയ വീടൊഴിഞ്ഞു പോകുന്നു ഞാൻ
പഴയ ഓർമകളെരിച്ചു പോകുന്നു
പഴയ ഗന്ധങ്ങളൊഴിഞ്ഞു പോകുന്നു.

എല്ലാ ശുഭമുഹൂർത്തങ്ങളും
കഴിഞ്ഞു
രാത്രിയിൽ
ഞങ്ങൾ
പുതിയ വീട്ടു തിരഞ്ഞുപോകുന്നു
പുതിയ വീടെങ്ങെന്നു
തിരിച്ചറിവില്ലാതെ പോകുന്നു.



മുറിപാടുകളിൽ പൊരത്താൻ
ഒരുപിടി ഉപ്പില്ലാത്തവന്റെ
സങ്കടമാണ് ജീവിതം...

*minu prem*

# ആരാണ് ഇത് കണ്ടുപ്പിടിച്ചത് ?



അനുപമ രാജീവ്
ക്ലാസ് VIII B

“എടീ..അനു..എണീറ്റെ..സമയമെത്രയായീന്നാ.?” അമ്മയുടെ സ്ഥിരം ചോദ്യം കേട്ടുകൊണ്ടാണ് എന്നും ഞാൻ എഴുന്നേൽക്കുന്നത്. ഇന്നും പതിവുപേലെ തന്നെ.ഞാൻ ഉറക്കത്തിന്റെ ആലസ്യത്തിൽ ബ്രഷെടുത്ത പേസ്റ്റ് തേച്ചു. ആരാണാവോ ഈ പല്ല തേക്കൽ കണ്ടുപ്പിടിച്ചത് ? ഞാൻ ആർക്കോവേണ്ടി പല്ല തേച്ചുകൊണ്ടിരിക്കുമ്പോൾ അമ്മ "അനു....ഇന്ന് പച്ചവെള്ളത്തിൽ കുളിച്ചോളൂട്ടോ...ഗ്യാസ് തീർന്നു.” അയ്യോ....എന്റെ ഹൃദയം നിന്നു നിന്നില്ലപ്പോലെയായി . “ അമ്മേ....ഞാൻ ഇന്നലെ കുളിച്ചതാ....” “അതിന് ? ” – അമ്മ കുറച്ച് ദേഷ്യത്തിലാണ്....ഗ്യാസ് തീർന്ന കാരണമാവും. “വേഗം കുളിക്ക്....” അതിൽ നിർത്തി എന്തോ ഒരു ഭാഗ്യംക്കൊണ്ട് . ഇനി ഒന്നും പറയണ്ട വേഗം പോയി കുളിക്കാം എന്ന് ഞാനും ചിന്തിച്ചു.

ടാപ്പ് ഉറന്ന് ബക്കറ്റിൽ വെള്ളം നിറച്ചു തുടങ്ങി. വെള്ളത്തിൽ ഒന്ന് തൊടാനുള്ള ധൈര്യം പോലും എനിക്കുണ്ടുണ്ടായിരുന്നില്ല. എങ്ങനെ കുളിക്കും ? കുറച്ച് വെള്ളം ഞാൻ ആദ്യം പാദങ്ങളിൽ ഒഴിച്ചു. ഓ.... കിടുങ്ങി പോയി. ഈ കുളിമുറിയിലെ വെള്ളത്തിന് മാത്രം എന്താണാവോ ഇത്ര തണുപ്പ്. ആരാണാവോ ഈ കുളിക്കൽ കണ്ടുപിടിച്ചത്.? “നീ കുളിക്കുന്നില്ലേ ?” പുറത്ത് അമ്മയുടെ കടുത്ത ശബ്ദം. ഞാൻ പെട്ടെന്ന് തലയിലൂടെ വെള്ളം ഒഴിച്ചു. വിഷം കഴിക്കുന്നതും ട്രെയിനിന് തല വെക്കുന്നതൊന്നും വലിയ കാര്യമൊന്നുമല്ലെന്ന് അന്ന് ഞാൻ മനസ്സിലാക്കി.

കുളി കഴിഞ്ഞ് ഡ്രസ്സ് ചെയ്ത് കഴിഞ്ഞപ്പോഴേക്കും അമ്മ ചൂടുചായ കൊണ്ടു വന്നു തന്നു. അത് ഊതി കുടിച്ച കൊണ്ടിരിക്കുമ്പോൾ ഇടിത്തീപ്പോലെ അമ്മയുടെ അടുത്ത ചോദ്യം "ഇന്ന് ഏതാ വിഷയം ട്യൂഷന് ?” “ശരിയാണല്ലോ ഇന്ന് എന്താ വിഷയം ?” “ഇന്ന് ബുധനോ വ്യാഴമോ ?” “ബുധനാണോ....ഏയ് വ്യാഴം തന്നെയാ....” “അമ്മയോട് തന്നെ ചോദിച്ചാലോ ?” “വേണ്ട ഇനി അതിന് കൂടി ചീത്ത കേൾക്കേണ്ടി വരും” . വ്യാഴാഴ്ച തന്നെ , ഞാൻ ഉറപ്പിച്ചു. വ്യാഴാഴ്ച ഇംഗ്ലീഷ് അല്ലേ ?

അയ്യോ....പെട്ടു.ഇംഗ്ലീഷ് പുതിയ പാഠത്തിലെ വാക്കുകൾ എല്ലാം പത്ത് പ്രാവശ്യം എഴുതാൻ




പറഞ്ഞത് ഞാൻ അപ്പോഴാണ് ഓർത്തത്. പെട്ടെന്ന് തന്നെ ബുക്ക് എടുത്ത് എഴുതാൻ തുടങ്ങി. ഇംഗ്ലീഷുകാർ ഇന്ത്യയിൽ വന്നതുകൊണ്ട് ഉണ്ടായ ദോഷമാണ് എനിക്ക് ഇംഗ്ലീഷ് പഠിക്കേണ്ടി വന്നത്. ഇംഗ്ലീഷ് ആരാ കണ്ടു പിടിച്ചത് ? എഴുതികൊണ്ടിരിക്കേ അരികിലൂടെ പോയ അമ്മ "നിനക്ക് ഇന്നലെ സമയം കിട്ടിയില്ല അല്ലേ ?” ഞാൻ അമ്മയെ നോക്കാതെ തന്നെ പറഞ്ഞു. “ഇത് ഇന്ന് എഴുതാൻ മാറ്റിവെച്ചതാണ് അമ്മേ” . “ശരി ശരി”. അപ്പോഴും രാത്രി ശക്തമായ പെയ്ത മഴയുടെ വെള്ളത്തുള്ളി വീടിന്റെ മേൽക്കൂരയിൽ നിന്നും താഴേക്ക് വീഴുന്ന ഒച്ചയുണ്ട്. തണുത്ത ചെറിയ കാറ്റ് ഇടക്ക്-ഇടക്ക് വീശുന്നുണ്ട്. ഓരോ പ്രാവശ്യം കാറ്റ് വീശുമ്പോഴും ഞാനും ഒന്ന് കുടയുന്നുണ്ട്. ഒരു കണക്കിന് എഴുത്ത് കഴിഞ്ഞു. ഞാൻ വേഗം എഴുന്നറ്റ് പോകാനൊരുങ്ങുമ്പോൾ അമ്മ വിളിച്ചു പറഞ്ഞു "അനു കുടയെടുക്കാൻ മറക്കണ്ട” . “ശരിയാ കുടയെടുക്കണം”.

വീട്ടിൽ നിന്നും അരക്കിലോമീറ്റർ നടക്കാനുണ്ട് ട്യൂഷൻ സെന്ററിലേക്ക് . ഞാൻ

കുടയും എടുത്ത് നടന്നു തുടങ്ങി. കുറച്ച് നേരം വൈകിയിട്ടുണ്ടായിരുന്നു. ഞാൻ നടത്തത്തിന്റെ വേഗം കൂട്ടി. എന്റെ വേഗതയുടെ താളം തെറ്റിക്കാൻ ഒരു തവള എന്നെ ക്രോസ് ചെയ്ത് പോയി.. റോഡിൽ വെളിച്ചം വീഴുന്നതേയുള്ളൂ.

പാൽക്കാരൻ സൈക്കിളിൽ റോഡിലൂടെ പോകുന്നുണ്ടായിരുന്നു. നേരം കുറേ വൈകി. ഓടിയാലോ എന്ന് ആലോചിച്ചു കൊണ്ടിരിക്കുമ്പോഴാണ് പെട്ടെന്ന് അത് സംഭവിച്ചത്. മുമ്പിലൊരു നായ. നായ കടിക്കോ ? ഞാൻ നായയെ നോക്കി. ഓടിയാൽ പട്ടി എന്നെ ഓടിച്ചിട്ട് കടിക്കും. ഉറപ്പ്. റോഡിൽ ആ നേരത്ത് ഒരാളെപ്പോലും കാണാനില്ല. പേടിക്കൊണ്ട് ഹൃദയമിടിപ്പിന്റെ ശബ്ദം എനിക്ക് നന്നായി കേൾക്കാമായിരുന്നു. പട്ടിയുടെ തൊട്ടടുത്ത് എത്താറായി. കുറച്ച് ഓടാൻ തന്നെ ഞാൻ തീരുമാനിച്ചു. ഒന്ന, രണ്ട്, മൂന്ന് സ്റ്റാർട്ട്, ഓടാൻ തയ്യാരായി കുട ചുരുക്കി, ചുരിദാറിന്റെ ഷാൾ കെട്ടിയതും നായ ഒരൊറ്റ ഓട്ടം. ഞാൻ ഒന്ന് അന്ധാളിച്ചുപോയി. എന്നാലും നന്ദനയോട് കുറച്ച് പൊടിപ്പും തൊങ്ങലും വെച്ച് പറയണമെന്ന് ഞാൻ മനസ്സിലുറപ്പിച്ചു. അയ്യോ....സമയം പോയി ഞാനും ഓടി ട്യൂഷൻക്ലാസ്സിലേക്ക്. ഓടി...ഓടി ട്യൂഷൻക്ലാസ്സിന്റെ വാതിൽക്കലെത്തി. ക്ലാസ് തുടങ്ങിയിട്ടുണ്ട്. ഞാൻ ക്ലാസിലേക്ക് എത്തിനോക്കി. സർ എന്നെ കണ്ടു. “ആര് അനുവോ കടന്നിരിക്കു ” . സയൻസ് സാറാണ് അത് പറഞ്ഞത്. “എന്താണാവോ ഇന്ന് സയൻസ് സാർ ?” ഞാൻ നന്ദനയോട് ചോദിച്ചു. “ഇംഗ്ലീഷ് സാർ വന്നില്ലേ?” “ഇംഗ്ലീഷ്സാറോ?
അവർ എന്നോട് ചോദിച്ചു. “അതെ ഇന്ന് ഇംഗ്ലീഷല്ലേ?”. "വ്യാഴാഴ്ചയോ ...ഇന്നോ...എടീ മണ്ടീ ഇന്ന് വെള്ളിയാഴ്ചയാടീ...സയൻസാ ഇന്ന്”.





# അമ്മ



**ശ്രീലാൽ ശ്രീജിത്ത്**
ക്ലാസ് IX A

"വിച്ചൂ... "എന്ന നീണ്ട വിളി കേട്ടാണ് ഞാൻ അന്ന് ഉണർന്നത്. അത് ഒരു മനോഹരമായ ദിവസ മായിരുന്നു. കലോത്സവ ലഹരി അതിന്റെ ഉച്ചിയിൽ എത്തിനില്ക്കുന്നു. അമ്മയുടെ കൈയും പിടിച്ചാണ് അന്ന് ഞാൻ കലോത്സവ വേദിയിലേക്ക് കാലെടുത്ത് വെച്ചത്. സംസ്ഥാനതല മത്സരമായിരുന്നു. പ്രതീക്ഷകൾ ഓർക്കാവുന്നതിലപ്പുറമായിരുന്നു. കഥാരചനയ്ക്ക് പങ്കെടുക്കാൻ ഹാളിലേക്ക് കയറിയപ്പോൾ ഒരേയൊരു ആഗ്രഹം മാത്രം. ഒന്നാം സ്ഥാനം. എന്റെ അമ്മയുടെ സന്തോഷം നിറഞ്ഞ മുഖം, അത് ലക്ഷ്യമാക്കി ഞാൻ എഴുതി.വിഷയം "**അമ്മ**". എനിക്ക് വളരെയേറെ ആഹ്ലാദം. നല്ലൊരു കഥ തന്നെ എഴുതികൊടുത്തു. എന്നാൽ വിധി എന്നല്ലാതെ എന്തുപറയാൻ, ഒന്നാം സ്ഥാനം നഷ്ടപ്പെട്ടു. കിട്ടിയത് നാലാം സ്ഥാനം. അമ്മയുടെ വിഷമം നിറഞ്ഞ മുഖം സങ്കൽപ്പിച്ചാണ് ഞാൻ അടുത്തു ചെന്നത്. എന്നാൽ ആഹ്ലാദം നിറഞ്ഞ അമ്മയുടെ മുഖം കണ്ട് എനിക്കും സന്തോഷമായി. അന്ന് അമ്മ പറഞ്ഞു "മോനേ നീ ഇത്ര തലങ്ങൾ വരെ ജയിച്ചു വന്നപ്പോൾ മത്സരിച്ച മറ്റ് കുട്ടികൾക്കും ഇതേ അവസ്ഥയല്ലേ ഉണ്ടായിരുന്നത്. വിജയം, പരാജയം ഇവ രണ്ടും ജീവിതത്തിൽ വേണം. അതായത് പരാജയമാണ് വിജയത്തിന്റെ മുന്നോടി. " എനിക്ക് സന്തോഷമായി. പിറ്റേന്ന് അമ്മ APJ അബ്ദുൾകലാമിന്റെ **അഗ്നിച്ചിറകുകൾ** എന്ന പുസ്തകം വാങ്ങിത്തന്നു. ആ മഹാന്റെ ചിന്തകൾ നിറഞ്ഞ ആ പുസ്തകത്തിന്റെ താളുകൾ മറിച്ചുനോക്കിയപ്പോൾ ഞാൻ ഒരു വാചകം കണ്ടു. “ആദ്യത്തെ ജയത്തിനുശേഷം ഒരിക്കലും നമ്മൾ പ്രയത്നിക്കാതിരിക്കരുത്. രണ്ടാമത്തെ ദൗത്യം പരാജയപ്പെട്ടാൽ ആളുകൾ പറയും ആദ്യത്തെ ജയം ഭാഗ്യമായിരുന്നു എന്ന്". ആ വാക്കുകൾ എന്നെയേറെ സ്വാധീനിച്ചു.വർഷങ്ങൾ കഴിഞ്ഞു. ഇപ്പോൾ അമ്മ ഇടയ്ക്കിടെ പറയും "ഉം ഇപ്പോ നീ വല്യ ആളായില്ലേ ഇനി അമ്മയെ ഒന്ന് നോക്കാൻ ആരാ എന്നൊക്കെ" ഇതുപോലുള്ള വർത്തമാനം കേൾക്കുമ്പോൾ അമ്മയെ ഒരധികപ്പറ്റായി തോന്നാൻ തുടങ്ങി എനിക്ക് അതിനുശേഷമാണ് എന്റെ എന്റെ കല്ല്യാണം കഴിഞ്ഞത്. വന്നു കേറിയ വധുവിനും അമ്മയെ പിടിച്ചില്ല. ഒടുവിൽ ഒരു ഏകാന്തനിശ്ശബ്ദതയിൽ അമ്മ ഞങ്ങളോട് പറഞ്ഞു, ഏറെ നാളായി അമ്മയെ സ്നേഹിച്ച ഒരു കാമുകനെ പറ്റി. ആ സ്നേഹം അതിന്റെ മൂർദ്ധാവിൽ എത്തിയിരിക്കുന്നു."കാൻസർ", ആ കാമുകന്റെ പേരതായിരുന്നു. അതു കേട്ട് എന്റെ ഭാര്യ പറയുന്നുണ്ടായിരുന്നു "ഡോ മനുഷ്യാ നമുക്ക് അമ്മയെ വല്ല വൃദ്ധസദ നത്തിലും കൊണ്ടാക്കാം". അപ്പോൾ എനിക്കും തോന്നി അതു തന്നെയാണ് നല്ലതെന്ന്. ആ സ്നേഹബന്ധം ആ സമയം കൊണ്ടു തന്നെ മുറുകിത്തുടങ്ങിയിരുന്നു. ഞാൻ അമ്മയോട് കാര്യം അവതരിപ്പിച്ചു. നിശ്ശബ്ദയായി നിന്നു അമ്മ, വൃദ്ധസദനത്തിൽ എത്തുന്നതു വരെ.എത്തിക്കഴിഞ്ഞ്പിരിയാൻ പോകുന്ന ആ നിമിഷം ഒരേയൊരു വാക്കേ അമ്മ പറഞ്ഞുള്ളൂ അമ്മ. “മോനേ ...” ആ വിളിക്ക്ശേഷം ഭാര്യ എന്റെ കൈ പിടിച്ച് ഒരു വലി യാണ്. കാറിൽ തിരിച്ച് പോരുമ്പോൾ എന്റെ ഭാര്യ ഒരു കടയിൽ കയറി ധാരാളം പുസ്തകങ്ങൾ വാങ്ങി. അതിനിടയിൽ കണ്ട ഒരു പുസ്തകം "അഗ്നിച്ചിറകുകൾ" അതെ, അതു തന്നെ , സാക്ഷാൽ അബ്ദുൾ കലാമിന്റെ അഗ്നിച്ചിറകുകൾ. അതിന്റെ പേജ് നമ്പർ 108 ൽ ഞാൻ കണ്ടു. അതേ വാക്കുകൾ "വിജയത്തിന് ശേഷം ഒരിക്കലും നമ്മൾ പ്രയത്നിക്കാതിരിക്കരുത്. കാരണം രണ്ടാമത്തെ ദൗത്യം പരാജയപ്പെട്ടാൽ അവർ പറയും ആദ്യത്തേത് ഭാഗ്യമായിരുന്നെന്ന്". എന്റെ ഇടനെഞ്ച് വിങ്ങി. ഞാൻ പോലുമറിയാതെ ആ പുസ്തകത്തിൽ എന്റെ കണ്ണുനീർ പൊഴിഞ്ഞു.

# ഉണ്ണി കൊടുത്ത സമ്മാനം



**അനുഗ്രഹ പി.എസ്.**
ക്ലാസ് VIII B

**നേ**രം പുലർന്നു. മലകൾക്കിടയിലൂടെ സൂര്യൻ തല പൊക്കി തുടങ്ങി. പൂക്കൾ വിരിഞ്ഞു. മരങ്ങൾ ഉണർന്നു. കാറ്റു വീശി. അങ്ങനെ കുട്ടപ്പനും തലപ്പൊക്കി. താഴെ കിടന്ന മുഷിഞ്ഞ തോർത്തെടുത്ത് തലയിൽ കെട്ടി. എന്നിട്ടൊരു പറച്ചിലും "ഉണ്ണീ, നീയുണർന്നോ ?" "എത്ര നേരത്തേയാണ് ഈ സൂര്യനുദിക്കുന്നത്. സൂര്യന് പ്രത്യേകിച്ച് പണിയില്ലല്ലോ കുട്ടപ്പേട്ടാ".അതിനൊരു ഉത്തരവുമായാണ് അപ്പൂട്ടൻ ഉണർന്നത്. "കുട്ടപ്പേട്ടാ ഉണ്ണിയാനക്ക് ഇന്നൊന്നും കഴിക്കാനില്ല. നമുക്ക് ഭാസ്കരേട്ടന്റെ ചായക്കടയിൽ നിന്നും വല്ല പഴമോ മറ്റോ വാങ്ങാം" അപ്പൂട്ടൻ പറഞ്ഞു. കുട്ടപ്പൻ പതിയെ എഴുന്നേറ്റു. ഉണ്ണിയുടെ അടുത്ത് ചെന്ന് തലോടിക്കൊണ്ട് പറഞ്ഞു. "ഉണ്ണീ, നിനക്ക് വിശക്കുന്നുണ്ടാകുമെന്ന് എനിക്കറിയാം. പക്ഷേ ഭാസ്കരേട്ടന്റെ കടയിലെ പറ്റ് തീർക്കണ്ടേ ? സാരമില്ല നമുക്കെന്തായാലും പോകാം" . അവരങ്ങനെ ചായക്കടയിലേക്ക് നടന്നു. നടക്കുന്ന വഴിയിൽ മൊത്തം ആളുകളുടെ കൂട്ടചർച്ചയാണ് . അവരുടെ കൈയിൽ ഒരു നോട്ടീസും ഉണ്ട്. കുട്ടപ്പനും അപ്പൂട്ടനും അവരുടെ അടുത്തേക്ക് പോയിട്ട് ചോദിച്ച " ഇവിടെയെന്താ ഈ ചർച്ച ?" അപ്പൂട്ടനേയും കുട്ടപ്പനേയും കണ്ടപ്പോൾ അവരുടെ ചർച്ച അവരെപ്പറ്റിയായി. ചർച്ചക്കാരുടെ കാർന്നവരായ ലോലപ്പേട്ടനോട് ചോദിച്ച " ആരാ ഇയാള്?" "അതൊരു വലിയ കഥയാ " ലോലപ്പേട്ടൻ പറഞ്ഞു തുടങ്ങി " കുട്ടപ്പന്റെ അച്ചൻ ഇവിടത്തെ പേരുകേട്ട ജന്മിയായിരുന്നു. പക്ഷെ അയാളുടെ വ്യാപാരങ്ങൾ പൊളിഞ്ഞു. കടം കയറി. അങ്ങനെ കുട്ടപ്പന്റെ അമ്മയും അച്ഛനും ആത്മഹത്യ ചെയ്തു. അച്ഛന് കാശുണ്ടായിരുന്ന



സമയത്ത് വാങ്ങിയതാണ് ആ ആനയെ. അച്ഛന്റേയും അമ്മയുടേയും മരണത്തിന് ശേഷം കുട്ടപ്പന് സ്വന്തമെന്ന് പറയാൻ ആ ആനമാത്രമായി മാറി. കുട്ടപ്പൻ ഉണ്ടില്ലെങ്കിലും ആനയെ ഊട്ടാൻ കുട്ടപ്പൻ മറക്കാറില്ല. കുട്ടപ്പൻ നല്ലോണം അധ്വാനിക്കുന്ന കൂട്ടത്തിലാണ്. പക്ഷേ അവന്റെ അധ്വാനം ആനക്കുള്ള ഭക്ഷണത്തിനേ തികയൂ. പിന്നെ അവന്റെ അപ്പുറത്ത് നിൽക്കുന്നത് അപ്പൂട്ടൻ . അവൻ ഇവിടേക്ക് നാടുവിട്ടു വന്നതാണ്. ഇപ്പോ കുട്ടപ്പന്റെ ഒപ്പം കൂടി. കുട്ടപ്പന്റെ വലംകൈയാണ് അപ്പൂട്ടൻ. കുട്ടപ്പന് ലോലപ്പനോട് ചോദിച്ച " ലോലപ്പേട്ടാ ആ നോട്ടീസൊന്നു തരോ ?" ലോലപ്പൻ തന്റെ കൈയിലിരുന്ന നോട്ടീസ് കുട്ടപ്പന് കൊടുത്തു. കുട്ടപ്പൻ ആദ്യമൊന്ന് നോട്ടീസ് സൂക്ഷിച്ച് നോക്കി. എന്നിട്ട് അപ്പൂട്ടനേയും നോക്കി. അപ്പൂട്ടന് കാര്യം മനസ്സിലായി. കുട്ടപ്പന് വായിക്കാനറിയില്ല.. രണ്ടാം ക്ലാസ്സിലേ വിദ്യാഭ്യാസം നിർത്തിയതാണ്. അപ്പൂട്ടൻ അതൊന്നു വാങ്ങി പതിയെ വായിച്ചു. എന്നിട്ട് കുട്ടപ്പനേയും ഉണ്ണിയേയും കൂട്ടി വീട്ടിലേക്ക് നടന്നു. നടക്കുന്നതിന്റെ ഇടയിൽ അപ്പൂട്ടൻ ഒരു ഭാഗത്ത് നിന്നു. എന്നിട്ട് പറഞ്ഞു തുടങ്ങി " കുട്ടപ്പേട്ടാ നമ്മുടെ പ്രശ്നങ്ങളെല്ലാം തീരാൻ പോകുകയാണ്. ഒരു കോടീശ്വരൻ ഒരു ആനയോട്ട മത്സരം നടത്തുന്നുണ്ട്. നമുക്കതിൽ ഉണ്ണിയെ പങ്കെടുപ്പിക്കാം. ഒന്നാം സമ്മാനം 50,000 രൂപയും 15 പവൻ സ്വർണ്ണവുമാണ്." ആദ്യമൊക്കെ കുട്ടപ്പൻ സമ്മതിച്ചില്ലെങ്കിലും അവസാനം കുട്ടപ്പൻ സമ്മതം മൂളി. അവർ വിജയിക്കാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. രാവും പകലും ഇല്ലാതെ അവർ പ്രയത്നിച്ചു. അങ്ങനെ ആ ദിവസം വന്നെത്തി. അവർ ഉണ്ണിയെ എല്ലാ ആനകളുടേയും ഇടയിൽ നിർത്തി. മത്സരം ആരംഭിച്ചു. ആദ്യമൊക്കെ ഉണ്ണി പുറകിലായിരുന്നു. പിന്നീട് എല്ലാവരേയും അതിശയപ്പെടുത്തി ഉണ്ണി മുന്നിലെത്തി. നാട്ടുകാരെല്ലാവരും ഓടി വന്ന് കുട്ടപ്പനെ എടുത്ത് പൊക്കി. അവർ ഉണ്ണിക്ക് വേണ്ടി കഷ്ടപ്പെട്ട കുട്ടപ്പന് ഉണ്ണി കൊടുത്ത സമ്മാനമെന്ന് വാഴ്ത്തിപാടാൻ തുടങ്ങി. അവരുടെ ജീവിതത്തിൽ പ്രകാശം കയറി. അവസാനം അവർ സന്തോഷത്തോടെ ജീവിച്ചു.

# കരിപുരണ്ട ജീവിതം



ഗൗരിനന്ദ. എം.ജെ
*ക്ലാസ്*   *VIII B*

**റോ**ഡിലൂടെ പോകുന്ന കലപില ശബ്ദത്തെ ഗിരിലാൽ ജനലഴികളിലൂടെ വളരെ വിഷമത്തോടെ നോക്കികാണുകയായിരുന്നു. താനും ഇതുപോലെ കുറച്ചുനാൾ മുമ്പ് സ്കൂളിലേക്ക് കൂട്ടുകാരാടൊപ്പം പോയിരുന്നതാണ്. അച്ഛന്റെ മരണശേഷമാണ് താൻ കുട്ടപ്പേട്ടന്റെ ചായക്കടയിൽ ജോലിക്ക് നിൽക്കുന്നത്.

വളരെ സമ്പന്നമായ മേലേടത്ത് തറവാട്ടിലെ ഇളയ സന്തതിയാണ് ഗിരിയുടെ അച്ഛൻ പ്രേമകുമാർ. ഗിരിയുടെ മുത്തശ്ശൻ വളരെ കർക്കശ്വഭാവക്കാരനായിരുന്നു. മദ്യം വിഷമാണ്, അത് കഴിച്ചാൽ മർത്യൻ ചെകുത്താനാകും എന്നായിരുന്നു മുത്തശ്ശന്റെ നിലപാട്. ഗിരിയുടെ അച്ഛനണ്ടോ ഇതു കേൾക്കുന്നു. അച്ഛൻ എന്നും വൈകുന്നേരം മദ്യപിച്ച് വീട്ടിലേക്ക് കയറിവരുമായിരുന്നു. ഇളയപുത്രനെന്ന പരിഗണനയിൽ മുത്തശ്ശൻ അച്ഛന്റെ ഈ ദൂഷ്യസ്വഭാവം ക്ഷമിച്ചുവരുകയായിരുന്നു. ഇതു മുതലാക്കി പ്രേമകുമാർ ഒരു ദിവസം മദ്യം കൂടുതൽ കുടിച്ച് സമനില തെറ്റി വീട്ടിലേക്ക് കയറി വന്നു. മദ്യലഹരിയിൽ ഗിരിയേയും അമ്മയേയും പൊതിരെ തല്ലി. ഇതു സഹിക്കാൻ വയ്യാതെ മുത്തശ്ശൻ അച്ഛനെ ഇറക്കി വിട്ടു. അച്ഛനെ ഒറ്റക്ക് ഇറക്കിവിട്ടാൽ അച്ചൻ ഇനിയും കൂടുതൽ സശിക്കുമെന്ന് പറഞ്ഞ് ഞങ്ങളേയും ഇറക്കി വിട്ടു. അതോടെ ഗിരിയുടെ I.A.S. എന്ന സ്വപ്നം പൊലിഞ്ഞു പോയി. മേലേടത്ത് തറവാട്ടിൽ നിന്ന് പടിയിറങ്ങിയതോടെ അവരുടെ കഷ്ടകാലവും തുടങ്ങി. അച്ചന് ആരേയും പേടിയില്ലാതായി. അച്ഛന്റെ കൂട്ടുകാർ ഏറി വന്നു, കടിയും. കടത്തിനുമേൽ കടമായി. സ്ഥലം വിറ്റു. അമ്മയുടെ സ്വർണ്ണവും വിറ്റു തുലച്ചു. ഒരു ദിവസം മദ്യപിച്ച്അച്ഛനും കൂട്ടുകാരും ഒരു യാത്ര പോകുവാൻ തീരുമാനിച്ചു. ഗിരിയും അമ്മയും കാലുപിടിച്ച് വേണ്ടെന്ന് പറഞ്ഞെങ്കിലും കേട്ടില്ല. കാറെടുത്ത് കുതിച്ചു. പാതിവഴിയെത്തിയപ്പോൾ എതിരെ വന്ന ചരക്ക നിറച്ച ലോറി അച്ഛൻ സഞ്ചരിച്ച കാറുമായി കൂട്ടിയിടിച്ചു. അച്ഛൻ സംഭവസ്ഥലത്തു വെച്ചു തന്നെ മരണപ്പെട്ടു. അച്ചൻ മരിച്ചതിൽ



പിന്നെ അച്ചന്റെ കൂട്ടുകാരെ കണ്ടിട്ടില്ല. അമ്മ മാനസിക സമ്മർദ്ദത്തിലേക്ക് വഴുതി വീണു. ജീവിതം വഴിമുട്ടി. വാടകവീട്ടിൽ നിന്ന് ഇറക്കി വിട്ടു. എട്ടുംപൊട്ടും തിരിയാത്ത അനിയത്തിയേയും കൊണ്ട് ഗിരി ഒരു ദിവസം താൻ പിച്ചവെച്ചു പഠിച്ച തറവാട്ടു മുറ്റത്തേക്ക് ചെന്നു. അപ്പേഴേക്കും മുത്തശ്ശൻ മരിച്ചിരുന്നു. വീട് അടച്ചിട്ടിരിക്കുന്നു. അമ്മയേയും അനിയത്തിയേയും പോറ്റാൻ കുട്ടപ്പേട്ടന്റെ ചായക്കടയിലെ കരിപുരണ്ട ജീവിതത്തിലേക്ക്.

***മദ്യം ചെക്കുത്താന്റെ ഭക്ഷണം അതു ഭുജിച്ചാൽ മനുഷ്യൻ ചെകുത്താനാകും***

# കെ.എസ്.കെ.യും ഞാനും എന്റെ വിദ്യാലയവും




ഗോപി മാമ്പുള്ളി

ശ്രീലസിക്കും ഭവനവും പൂന്തോട്ടവും ഭാവനയിൽ വിരിയിച്ച കവികെ.എസ്.കെ.യ്ക്ക് ജീലിതത്തിലത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. കാലം നല്കിയ കാസരോഗവും അധ്വാനം ഊറ്റികുടിച്ച കൃശഗാത്രവുമായി സ്വന്തമല്ലാത്തൊരു കൊച്ചു വീട്ടിൽ അവസാനത്തെ സമ്പാദ്യങ്ങളായ പുസ്തകകെട്ടുകളുമായി പഴയ ഒരു ചാരു കസേരയിൽ കവി കിടന്നു.......... കാവ്യലോകത്തിലെ കതിരുകാണാകിളി കവിത വീണുറങ്ങിയ തന്റെ മരവിച്ച ചുണ്ടുകളിൽ സ്നേഹത്തിന്റെ ദാഹജലത്തിനായി ആരോടും കെഞ്ചാതെ. ലക്ഷകണക്കിന് ശിഷ്യഗണങ്ങളുടെ ഹൃദയങ്ങളിൽ വെളിച്ചം തെളിയിച്ച ആ മഹാത്മാവ് ജീവിത സായാഹ്നത്തിൽ

കൂരിരുട്ടിന്റെ കരിമ്പട ത്തിനുള്ളിൽ തളർന്നു കിടന്നു. കലയുടെ നാദവിസ്മയം തീർത്ത കവിതകളും ജീവിതത്തിന്റെചരിത്രമുഹൂർത്തങ്ങളും പ്രോജ്ജ്വ ലിപ്പിച്ച

നാടകങ്ങളും അന്ധ വിശ്വാസങ്ങളും മാമൂലുകളും കടപുഴക്കിയെറിഞ്ഞ ആവേശം കൊള്ളിച്ച കവിതകളും, മലയാളി മങ്കമാരും കൂലിപ്പണിക്കാരും നെഞ്ചിൽ താലോലമാട്ടി പാടി നടന്ന പാട്ടുകളും നിറഞ്ഞൊഴുകിയ ഗംഗയായിരുന്നു കവി കെ.എസ്.കെ.. അതിലൊഴുകിയ ഓരോ തുള്ളിയും കൈരളിയെ പുളകം കൊള്ളിച്ച, ആ മഹാത്മാവിന് തല ചായ്ക്കാനൊരിടമില്ലാതിരുന്ന സത്യം ഏറെ വൈകിയാണ് കേരളമറിഞ്ഞത്. സ്നേഹ സമ്പന്നരായ ആരാധകരും ശിഷ്യഗണങ്ങളും സുഹൃത്തുക്കളും ഒത്ത് കൂടി അത് പരിഹരിച്ചു. 1979 ഫെബ്രുവരി 24 ന് ശനിയാഴ്ച കവി ഭവനത്തിന്റെ താക്കോൽ കൈരളിയെ കോരിത്തരിപ്പിച്ച കൈകളിലേക്ക് ആരാധകർ സദയം സമർപ്പിച്ചു. കേവലം 8 മാസത്തി നുള്ളിൽ തീരുമാനങ്ങളും വീട്ടുപണിയും താമസവും! ആ ഭവന നിർമ്മാണ സമിതിയിൽ ജീവിച്ചിരിയ്ക്കുന്ന അപൂർവ്വം ചിലരിൽ ഒരാളാണ് ഞാൻ. അഭിമാനത്തോടും കൃതാർത്ഥതയോടും ഞാനോർക്കുന്നു-




കെ.എസ്.കെ.യ്ക്ക് നിർമ്മിച്ച് നല്കിയ വീടിന്റെ താക്കോൽ ബാലൻ മാസ്റ്റർ നല്കുന്നു

തൃപ്രയാർ ശ്രീരാമ ക്ഷേത്ര ഹാളിൽ എന്റെ വിവാഹ ചടങ്ങിനെത്തിയ കെ.എം. ബാലൻ മാസ്റ്ററുടെ നേതൃത്വത്തിൽ പ്രസിദ്ധ സാഹിത്യകാരൻമാരും സാമൂഹ്യ പ്രവർത്തകരുമായ ഈ.വി.ജി., ധീരപാലൻ ചാളിപ്പാട്ട്, ഭാസ്കരൻ നാട്ടിക, ഗംഗാധരൻ മാങ്ങാട്ടു കര,വി.എസ്.കേരളീയൻ, എസ്.പി. കടവിൽ,എസ്.ബി.കുഞ്ഞുമുഹമ്മദ് തുടങ്ങിയ വർ ഒരു ഭാഗത്തിരുന്ന് കെ.എസ്.കെ. യ്ക്ക് ഒരു വീട് ഇല്ലാത്തതും അത് പരിഹരിക്കാ നെന്തു ചെയ്യണമെന്ന് ചർച്ചചെയ്യുതും. മണ വാളനായ ഞാനും ആ ചർച്ചയിൽ പങ്കെടുത്തു.

അതിന് തൊട്ടടുത്ത ദിവസം

ഏതാനും പേർ ബാലൻ മാസ്റ്ററുടെ ഭവനത്തിൽ ഒത്തു ചേരുകയും അടുത്ത ഞായറാഴ്ച തളിക്കുളംSNVUP സ്കൂളിൽ ഭവന നിർമ്മാണ സമിതി രൂപീകരിക്കുകയും ചെയ്തു. സമിതി രൂപീകരിച്ചതിന്റെ പിറ്റേന്നു തന്നെ വീടിനാവശ്യമായ കല്ലുംമണ്ണും ഇറക്കി. അന്നുതന്നെ ആവശ്യമായ മരവും വാങ്ങി. സമിതി ചെയർമാൻ ബാലൻ മാസ്റ്ററുടെ കരുത്തുറ്റ തീരുമാനമായി രുന്നത്. ഒരൊറ്റ ദിവസം പോലും മുടക്കമില്ലാതെയാണ് വീട്ടുപണി നടന്നത്.

*ഒരു ദിവസം ബാലൻമാസ്റ്ററുടെ ഡ്രൈവർ രാഹുലൻ എന്നെ വന്ന് വിളിച്ചു. ഞാൻ മാസ്റ്ററുടെ വിട്ടിൽ ചെന്നപ്പോൾ "ആശാന് തീരെ വയ്യ. പുതിയ വീട്ടിൽ താമസിയ്ക്കാൻ ആളു വേണ്ടേ" ബാലൻ മാസ്റ്റർ ആശങ്കയോടെ എന്നോട്.ഞാൻ മിഴിച്ചിരുന്നു. ഞങ്ങൾ വാടാനപ്പള്ളി ശാന്തി ഹോസ്പിറ്റലി ലേക്ക്. അവിടത്തെ ഡോക്ടർ ഹൈദ്രോസുമായി സംസാരിച്ചു നിൽക്കു മ്പോൾ തൃത്തല്ലൂർ ഗവൺമെന്റ് ആശുപത്രിയിലെ*



**കവി ജീവിത സായാഹ്നത്തിലെ വായനയിൽ**

ഡോ.വി.ജി.പവിത്രൻ അവിടെ വരാനിട യായി. എന്റെആവശ്യപ്രകാരം പവിത്രൻ കവിയെ പരിശോധിച്ചു. "പുതിയ വീട്ടീൽ താമസിക്കാൻ ആരോഗ്യത്തോടെ കവി യെ എത്തിയ്ക്കും" എന്നവർ ആശ്വസിപ്പിച്ചു. *അതോടെ രാവും പകലും കവിഭവനത്തിന്റെ തിരക്കിട്ട പണികൾ എല്ലാം പൂർത്തിയാ യി.ആവശ്യമായ വീട്ടുപകരണങ്ങളടക്കം. കവിഭാവനയ്ക്കനുയോജ്യമായ നാട്ടിൻപ്പുറത്തെ കൊച്ചുവീട് സജ്ജം!*

*അതോടെ ജിവിതം മടുത്ത കവിയ്ക്ക് നഷ്ടപ്പെട്ട കാലങ്ങൾ തിരിച്ചെടു ക്കനൊരു മോഹം. ഇനിയും കുറെ കാലം കൂടി ജീവിക്കാനുള്ള ആഗ്രഹമറിയിച്ചപ്പോൾ അവിടെ കൂടിയിരുന്ന നൂറുകണക്കി നാരാധകരുടെ കണ്ണുകളിൽ സന്തോഷ ത്തിന്റേയും സംതൃപ്തിയുടേയും ബാഷ്പം നിറഞ്ഞു. ശുഷ്കിച്ച കവിയുടെ ശരിരത്തിന് ഒരു തുടിപ്പും കണ്ടിലാണ്ട കണ്ണുകളിൽ പ്രകാശവും തെളിഞ്ഞത് എന്റെ മനസ്സിൽ മായാതെ തങ്ങി നില്ക്കുന്നു. അന്ന് കവിയുടെ കവിതകൾ നമ്മുടെ വിദ്യാലയത്തിലെ സൗമിനി ടീച്ചറും ശാന്ത ടീച്ചറും ആലപിച്ചപ്പോൾ ആ കാവ്യമഞ്ചലിൽ കവി ആലോലമാടി-കവിയുടെ കവിതകൾ അന്വർത്ഥമായി.*

*കാരമുക്ക് എസ്.എൻ.ജി.എസ്. സ്കൂളിൽ പഠിക്കുമ്പോഴാണ് ഞാൻ കെ.എസ്.കെ.യെ കാണുന്നത്. നീണ്ടതാടിമീശയും വെളുത്ത തലേക്കെട്ടും കൈമുട്ടുകൾക്ക് താഴേക്കിറങ്ങിയ ഏകദേശം ഫുൾകൈ ഷർട്ടും ധരിച്ച ഹെഡ്മാസ്റ്റർ. ഈ വിദ്യാലയം തുടങ്ങുന്നതുതന്നെ കെ.എസ്.കെ. പ്രധാനാധ്യപക നായിട്ടാണ്. ശ്രീനാരായണ ഗുരുദേവന്റെ നിർദ്ദേശവും ആശിർവാദങ്ങ ളോടെയുമാണ് ക്ഷേത്രത്തോടൊപ്പം പ്രാധാന്യമുള്ള സരസ്വതീക്ഷേത്ര ആരംഭം. അങ്ങനെയാണ് എസ്.എൻ.ജി.എസിന്റെ ഉത്ഭവം.*

ക്ഷേത്രത്തിന്റെ പടിഞ്ഞാറു ഭാഗത്തുണ്ടാ യിരുന്ന ശാന്തിമഠത്തിലെ


ചാരുകസേരയിൽ ഒഴിവു സമയങ്ങളിൽ വന്നിരിയ്ക്കുന്ന കെ.എസ്.കെ.യേയും മറ്റധ്യാപകരേയും നടക്കാൻ വയ്യാതിരുന്ന എനിക്ക് ക്ലാസിലിരുന്ന് നോക്കി കാണുന്നത് കൗതുകമായിരുന്നു. മുതിർന്ന കുട്ടികൾ സിഗരറ്റും ബീഡിയും ചായും വാങ്ങി കൊണ്ടു കൊടുക്കുന്നത് എന്നിൽ കൗതുക മുണ്ടാക്കി. ഗുരുസേവയുടെ ഒരു ഭാഗം. സ്കൂൾ പരിശോധനയ്ക്ക് ഇൻസ്പെക്ടർ വരുന്ന ദിവസം കെ.എസ്.കെ.തലേക്കെട്ടഴിച്ച് തോളിലി ട്ടിരിയ്ക്കും.ആ വേഷമാണ് എനിക്കിഷ്ടം.*ഇന്ന് കാണുന്ന കിഴക്കേ അറ്റത്തുള്ള ഓട് മേഞ്ഞ നീണ്ട കെട്ടിടത്തിന്റെ അറ്റത്തായിരുന്നു ഓഫീസ്. അതിനുള്ളിൽ അക്കാലത്ത് സ്കൂൾ ലൈബ്രറിയും ഉണ്ടായിരുന്നു. പിന്നീട് കാരമുക്ക് ഗ്രാമീണ വായനശാല അനവധി വർഷങ്ങൾ ഈ വിദ്യാലയത്തിലെ ഒരു മുറിയിലായിരുന്നു.*



**വീടിന്റെ താക്കോൽദാന ചടങ്ങിൽ സൗമിനി ടീച്ചർ, ശാന്തകുമാരി ടീച്ചർ എന്നിവർ പാടുന്നു.**

*കേരളത്തിലെങ്ങുമില്ലാതിരുന്ന ഒരു ലൈബ്രറി കമ്പം ഈ വിദ്യാലയത്തിനും ഇവിടത്തെ അധ്യാപകർക്കും ഉണ്ടായിരുന്നത് വിസ്മരിക്കാ വുന്നതല്ല. ഏറെ സ്നേഹിച്ച കെ.എസ്.കെ.യുടെ പേരിൽ ആധുനിക സൗകര്യങ്ങളോടെ ഇവിടത്തെ അധ്യാപകർ ഈയിടെ പ്രവർത്തനമാരംഭിച്ച കെ.എസ്.കെ. സ്മാരകലൈബ്രറി നമുക്കഭിമാനിക്കാവു ന്നതാണ്.*

*അന്ന് ഇവിടെ നടന്നിരുന്ന സാഹിത്യ സമാജങ്ങൾ ഏറെ മികവുറ്റതായിരുന്നു. കെ.എസ്.കെ.എഴുതി അദ്ദേഹം തന്നെ പഠിപ്പിച്ച നാടകങ്ങളും സ്വന്തം കവിതകളുടെ രംഗാവിഷ്കരണങ്ങളും ഏറെ വർഷങ്ങൾ പിന്നിട്ടിട്ടും മനസ്സിൽ പൂത്തു തന്നെ നില്ക്കുന്നു. മറ്റ് രണ്ട് വിദ്യാലയങ്ങളിൽ ഞാൻ പഠിച്ചു. പല വിദ്യാലയങ്ങളിലും അധ്യാപകനായി. അവിടെയൊന്നും കെ.എസ്.കെ. സംഘടിപ്പിച്ചിരുന്നതു*



**കെ.എസ്.കെ.യ്ക്കു നിർമ്മിച്ച് നല്കിയ വീട്**

*പോലുള്ള സാഹിത്യ സമാജങ്ങൾ കണ്ടില്ല. ആ സാഹിത്യ സമാജങ്ങൾക്ക് പ്രത്യേക മിഴിവുണ്ടായിരുന്നു. അതിലൂടെ വളർന്നവരേ റെയുണ്ട്. എനിക്കുണ്ടായ വളർച്ചയിൽ വലിയപങ്ക് SNGS ലെ സാഹിത്യ സമാജത്തിനുണ്ടായിരുന്നു.ഓലയും ഓട്ടും മേഞ്ഞ അന്നത്തെ പള്ളിക്കൂടവും ക്ഷേത്രപരിസരത്തുണ്ടായിരുന്നഅശോകവും മന്ദാരവും ചെത്തിയും ചെമ്പരത്തിയും തുളസിയും ഒക്കെ ഐശ്വര്യത്തിന്റേയും നൈർമ ല്യത്തിന്റേയും അടയാളങ്ങളായിരുന്നു.*



# എന്റെ മണിക്കുട്ടി



റിയ.കെ.ആർ
ക്ലാസ് IX B

സ്കൂൾ വിട്ടുവരുന്ന വഴിയാണ് ഞാൻ മണിക്കുട്ടിയെ ആദ്യമായി കാണുന്നത്. വാത്സല്യ ത്തോടെ ഞാൻ അവളെ കോരിയെടുത്തു. അതുവരെ അവളുടെ മങ്ങിനിന്ന നീലക്കണ്ണുകളിൽ ഞാൻ സ്നേഹത്തിന്റെ പ്രകാശം കണ്ടു. പിന്നെ എനിക്ക് അവളെ അവിടെ ഉപേക്ഷിക്കാൻ തോന്നിയില്ല. ഞാൻ അവളെ എന്റെ വീട്ടിലേക്ക് കൊണ്ടുപോന്നു. അവളെ കണ്ട നിമിഷം അമ്മ ആ സുന്ദരിപൂച്ചയെ മണിക്കുട്ടി എന്ന പേര് വിളിച്ചു. അവൾക്ക് ചെറിയ വിറയൽ ഉണ്ടായിരുന്നു. അമ്മയുടെ ചൂട് കിട്ടാത്തതു കൊണ്ടായിരിക്കാം. ഞാൻ അവളെ പുതപ്പ് വിരിച്ച് അടുപ്പിന്റെ അരികിൽ കിടത്തി. പിന്നീട് അവൾക്ക് നല്ല ചൂടുള്ള പാലിൽ ബിസ്കറ്റ് ചേർത്തുകൊടുത്തു. അവൾ അത് വളരെ ആർത്തിയോടെ കുടിച്ചു. പിന്നീട് അവൾ ഓടിവന്ന് എന്റെ കാലിൻമേൽ ഉരസി ചുറ്റി നടന്നു. പിന്നെയാണ് മാമന്റെ വീട്ടിൽ വിരുന്നിന് പോയിരുന്ന ഉണ്ണി തിരിച്ചെത്തിയത്. ആ സുന്ദരിപൂച്ചയെ കണ്ടപാടെ ഉണ്ണിക്ക് വല്ലാതെ ഇഷ്ടപ്പെട്ടു. അവൾ മണിക്കുട്ടിയോടൊപ്പം കുറേ നേരം കളിച്ചു. അത്താഴത്തിനുശേഷം ഞാനും ഉണ്ണിയും ഉറങ്ങിയപ്പേൾ മണിക്കുട്ടിയും ഞങ്ങളുടെ അടുത്ത് വന്ന് ഞരങ്ങി ഞരങ്ങി കിടന്നുറങ്ങിപ്പോയി. രാവിലെ ഞാൻ വളരെ ശ്രദ്ധയോടെ എന്റെ മണിക്കുട്ടിയെ ഉണർത്താതെ എഴുന്നേറ്റു. വളരെ ശ്രദ്ധയോടെയാണ് ഞാൻ അവളെ വളർത്തിയത്. ഞങ്ങളുടെ കുടുംബത്തിലെ ഒരംഗം പോലെ അവൾ ജീവിച്ചു പോന്നു. ഒരു ദിവസം ഞാൻ സ്കൂളിൽ പോകുമ്പോൾ എന്റെ കൂടെ പാതി വഴി വരെ എന്നെ പിൻതുടർന്നുവന്നു. പിന്നെ വീട്ടിലേക്ക് തിരിച്ചുപ്പോയി. മാസങ്ങൾ കടന്നുപോയി. അവൾ വലിയൊരു പൂച്ചയായി മാറി.

ഒരു ദിവസം എന്റെ അടുത്ത വീട്ടിലെ പട്ടി അവളെ കടിച്ചു കൊന്നു. അതും എന്റെ കൺമുന്നിൽ വെച്ചാണ് ആ പട്ടി അവളെ കൊന്നത്. എനിക്ക് താങ്ങാനായില്ല. അത് എന്റെ കണ്ണുകൾക്ക് എനിക്ക് വിശ്വസിക്കാനമായില്ല. പിന്നീടാണ് അവിടത്തെ അമ്മായി പറഞ്ഞ് കാര്യങ്ങൾ മനസ്സിലായത്. പട്ടിക്ക് കുറുക്കൻ കടിച്ചിട്ട് പേയിളകയിരുന്നുവെന്ന്. അച്ഛൻ വെട്ടിയ കുഴിയിൽ മണിക്കുട്ടി യുടെ ജീവനറ്റ ശരീരം വെച്ചപ്പോൾ ഞാനും ഉണ്ണിയും വിതുമ്പി പ്പോയി. പിന്നീട് ഞാൻ അവളുടെ ഓർമ്മയ്ക്കായി നീല ശംഖുപുഷ്പത്തിന്റെ ചെടി അവിടെ നട്ടു. ദിവസങ്ങൾ കഴിഞ്ഞു പ്പോയി. ശംഖുപുഷ്പ ത്തിന്റെ ചെടിയിൽ ആദ്യമായി രണ്ട് പൂവ് വിരിഞ്ഞു. ആ രണ്ട് പൂവുകളിലേക്ക് നോക്കിയ പ്പോൾ മണിക്കുട്ടിയുടെ ദയനീയമായ നീലക്കണ്ണുകളിലേക്ക് നോക്കുന്നതായി എനിക്ക് തോന്നി. അവളുമായുള്ള ലോകം എന്റെ ഓർമ്മകളിലേക്ക് തികട്ടിവരുന്നു.



# അമ്മ മനസ്സ്

**ശില്പ.സി.**
ക്ലാസ് X B

**അ**ടച്ചിട്ട കൂട്ടിൽ നിന്ന് പുറത്ത് വന്ന ഒരു കിളിയുടെ പ്രതീതിയിൽ ചുളിഞ്ഞ കൈകൾ വിറച്ചു കൊണ്ട് കാറിന്റെ ചില്ലിൽ ഉറപ്പിച്ച് പിടിച്ച് കഷ്ടപ്പെട്ടാണെങ്കിലും തലയുയർത്തി നോക്കി "മോനേ ഇതേതാ സ്ഥലം " വിറച്ച ശബ്ദത്താൽ അമ്മ ചോദിച്ചു. "അമ്മേ ഇതതേ സ്ഥലം തന്നെയാണ് . കുറേ നാളായില്ലേ ഇവിടെയൊക്ക വന്നിട്ട്" തന്റെ സ്വന്തം താല്പര്യം കൊണ്ടാണ് അമ്മ വരാതിരുന്നത് എന്ന രീതിയിൽ അവൻ മറുപടി പറഞ്ഞു.

അന്നു വരെ വീടിന്റെ ചില്ലുകളിലൂടെ പുറത്തേ മരം മാത്രം കണ്ടുകൊണ്ടിരുന്ന ആ മങ്ങിയ കണ്ണുകൾ കൊണ്ട് പുറത്തേ മനോഹരമായ കാഴ്ചകൾ മതിയാവോളം ആസ്വദിച്ചു. ഇതുവരെ എന്നോട് ഒരു താല്പര്യവും കാണിക്കാതിരുന്ന തന്റെ മകനും മരുമകളും തന്നെ മതിയാവോളം ആ നഗരം ചുറ്റികാണിച്ച സന്തോഷത്തിൽ ഒന്നു മയങ്ങി കണ്ണുതുറന്നപ്പേഴേക്കും നേരം കറുത്തിരുന്നു.

വണ്ടിയുടെ ചക്രങ്ങളെ ഒരു സ്ഥലത്ത് കൊണ്ട് നിർത്തി. കാറിന്റെ ഡോർ തുറന്ന് കാട്ടി മകൻ എഴുന്നേറ്റ് പുറത്തേക്കിറങ്ങാൻ പറഞ്ഞു. ഒരു

ക്ഷീണത്തോടെ അമ്മ ചോദിച്ചു " ഇതെവിടെയാ...?" "ഇതമ്മയ്ക്ക് ഇഷ്ടപ്പെടാൻ പോകുന്ന സ്ഥലമാണ്"

മരുമകൾ ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു. അത് ഒരു കെട്ടിടമായിരുന്നു. അതിന്റെ മുന്നിൽ ഒരു ബോർഡ് വെച്ചിരുന്നു. അതിന്റ മേലെ ഒരു മഞ്ഞബൾബ് കത്തി നിന്നിരുന്നു. ഒരു മൂലയിലുള്ള ഇടുങ്ങിയ റൂമിലേക്ക് അവർ കയറിച്ചെന്നു. ആ മുറിയിൽ ഒരു ഗന്ധം തങ്ങി നിന്നിരുന്നു.



മേശയ്ക്ക് പുറകിൽ കസേരയിലിരുന്ന ഒരു തടിച്ച് കറുത്ത മനുഷ്യനോട് അവൻ പറഞ്ഞു "ഇവിടെ അഡ്മിഷൻ എടുക്കാൻ വന്നതാണ്, ഞാൻ വിളിച്ചിരുന്നു". "മനസ്സിലായി" അയാൾ കണ്ണടയുടെ അടിയിലൂടെ അമ്മയെ ഒന്നു നോക്കി. അയാൾ അവരെ ഒരു നീണ്ട മുറിയിലേക്ക് കൊണ്ട് പോയി. അവിടെ കുറേ ബഡുകളിലായി കുറേ

വൃദ്ധർ ഇരുന്നിരുന്നു. അത് മക്കൾ ഉപേക്ഷിച്ച പോയ അമ്മമാരും അച്ഛൻമാരും ആയിരുന്നു. അമ്മയ്ക്ക് മനസ്സിലായി. "മോനേ ഇത് വൃദ്ധസദനമല്ലേ ?" മകന്റെ മുഖത്ത് തങ്ങിനിന്ന നിസ്സഹായത അവർ കണ്ടു. "അമ്മ ഇനി ഇവിടെയാണ് താമസിയ്ക്കാൻ പോകുന്നത്. ഞങ്ങൾ അമ്മയെ ഉപേക്ഷിക്കു കയാണെന്ന് വിചാരിക്കരുത്. അമ്മയെ നോക്കാനുള്ള സാമ്പത്തികസ്ഥിതി ഇപ്പോൾ ഞങ്ങൾക്കില്ല." മകൻ പറഞ്ഞു."പണ്ട് ഞാൻ നിന്നെ പ്രസവിച്ച സമയത്ത് എനിക്ക് ഇപ്പോൾ നിനക്കുള്ള സാമ്പത്തിക സ്ഥിതിയേ ക്കാൾ മോശമായിരുന്നു. അന്ന് ഞാൻ നിന്നെ ഉപേക്ഷിച്ചില്ലല്ലോ ?" ഒന്നും പറയാൻ കഴിയാത്ത വിധത്തിൽ തലകുനിച്ചിരുന്ന അവനെ മരുമകൾ വലിച്ചുകൊണ്ട് പോയി.

വീട്ടിൽ നിന്നിറങ്ങാൻ നേരം ഒരു വാക്ക് അവർ ഓർത്തു. " വൃദ്ധസദനം, ആ സ്ഥലമാണിത്'". ആദ്യം കയറി ച്ചെന്ന മുറി യിലുണ്ടായിരുന്ന മണത്തിന് മക്കൾ ഉപേക്ഷിച്ച മാതാപിതാക്കളുടെ കണ്ണീരിന്റെ മണമായിരുന്നു.

മാസങ്ങൾ കഴിഞ്ഞുപോയി. വല്ലപ്പോഴും കാണാൻ വന്നിരുന്ന തന്റെ ഒരേ ഒരു മകന്റെ ഓർമ്മകൾ കൊണ്ട് ദിവസങ്ങൾ തള്ളിനീക്കി. ചെറുമഴയേയും ഓണത്തേയും കാത്തിരുന്ന കേരളീയരെ മഴ വെള്ളത്തിൽ മുക്കി. കേരളം പ്രളയമയമായി.ഇടിവെട്ടി. തോരാമഴയുടെ സ്വരം പുറത്ത് താളം കൊട്ടി. ഒരാൾ തന്നോട് ആരോ കാണാൻ വന്നിരിക്കുന്നു എന്ന് പറഞ്ഞു. ചെറിയ കൊന്നവടി കുത്തിപിടിച്ച് ഞാൻ ചെന്നു. മഴയിൽ നനഞ്ഞ വസ്ത്രങ്ങളണിഞ്ഞ് പെട്ടിയും പിടിച്ച് കണ്ണിരേന്തിയ മുഖത്തോടെ എന്റെ മുമ്പിൽ മുട്ടുകുത്തി നിൽക്കുന്ന തന്റെ മകനും മരുമകളും അവരുടെ കുട്ടികളും. "അമ്മേ പ്രളയത്തിൽ ഞങ്ങയുടെ വീടും സർവ്വ സമ്പാദ്യങ്ങളും നഷ്ടപ്പെട്ടു. ഞങ്ങളെ അമ്മയുടെ കെയറോഫിൽ ഇവിടെ നിർത്തണം". പണ്ടത്തെ കാര്യങ്ങൾ മനസ്സിൽ വെച്ച് വേണമെങ്കിൽ വേണ്ട എന്ന് പറയാമായിരുന്നു. അതു പറ്റില്ലല്ലോ ഒരു അമ്മ മനസ്സിനും. തന്റെ മകനായിപോയില്ലേ.



# കൊച്ചു കുട്ടിയോടുള്ള നന്മ



അമീഷ.പി.ആർ
ക്ലാസ് : 6A

പച്ചവിരിച്ച പാടത്തിനും, കളകളാ ശബ്ദത്തിൽ ഒഴുകുന്ന പുഴയുടെ കരയിൽ ആയിട്ടാണ് അമ്മുവിന്റെയും പൊന്നുവിന്റെയും വീട്. അവർ രണ്ടുപേരും വളരെ നല്ല കൂട്ടുകാരായിരുന്നു. ഒരു ദിവസം അവർ അച്ഛനമ്മമാരോട് പറയാതെ പാടത്തേക്ക് കളിക്കാൻ പോയി. പച്ചവിരിച്ച പാടത്ത്



കാറ്റ് വന്നപ്പോൾ കടലിൽ തിരമാല വന്നപോലെ വിളകൾ ആടിയുലഞ്ഞു. സ്വർണ്ണപ്പട്ട് വിരിച്ചതുപോലെയുള്ള നെൽക്കതിരുകൾ പറിച്ച് അവർ വീട്ടിലേക്കപ്പോകുമ്പോൾ വയൽ വരമ്പിൽ ഒരു കൊച്ചുക്കുട്ടി ഇരുന്ന് കരയുന്നു.അതു കണ്ട അവർ ഓടിച്ചെന്ന് കാര്യം അന്വേഷിച്ചു.അവൻ കൂട്ടുകാരുമൊത്ത് കളിക്കുമ്പോൾ കാലിൽ മുള്ള് കൊണ്ട് മുറിഞ്ഞു. ചോര വന്ന് നടക്കാൻ പറ്റാതെയായി. ആ സമയത്ത് നല്ല മഴക്കാറുണ്ടായിരുന്നു അതിനാൽ കൂട്ടുകാരെല്ലാം ഓടിപ്പോയി. തനിച്ചായ അവൻ വേദനകൊണ്ടും പേടികൊണ്ടു കരയുകയായിരുന്നു. അമ്മുവും പൊന്നുവും അവരെ അവനെ ആശ്വസിപ്പിച്ചു. അവർ വെള്ളമെടുത്ത് ചോര തുടച്ചു എന്നിട്ട് അവനെ വീട്ടിൽ എത്തിച്ചു മരുന്നു വച്ച് കൊടുത്തു. ഒരു കുട്ടിയോട് നന്മ ചെയ്തപ്പോൾ അവരുടെ മനസ്സ് നിറഞ്ഞു .



# ഓർമ്മച്ചിത്രങ്ങൾ



സതീശൻ പോണല്ലൂർ

ഏത ക്ലാസ്സിൽ പഠിക്കുമ്പോഴാണ് എന്നോർമ്മയില്ല അഞ്ചിലോ ആറിലോ ഒക്കെയാണെന്ന തോന്നുന്നു. ഒരു ദിവസം സ്കൂളിൽ ആ വാർത്ത പ്രചരിച്ചു . സ്കൂളിനു കീഴിലുള്ള പാടത്ത് ഒരു കൂറ്റൻ മരം മണ്ണിനടിയിൽ നിന്നും പൊന്തിവന്നത്രേ. എനിക്ക് അൽഭുതമായി. മണ്ണിനടിയിൽനിന്ന് എങ്ങനെയാണ് മരം പൊങ്ങിവരുന്നത് ? എന്നാലൊന്നു കാണണമല്ലോ. അന്ന് സ്കൂൾ വിട്ടപ്പോൾ ഞങ്ങൾ മരം കാണാൻ പോയി . അങ്ങോട്ടുള്ള വഴി ആരോടും ചോദിക്കേണ്ടതില്ലായിരുന്നു. ഉറുമ്പ് ചാലിട്ട എന്നവണ്ണം കരിംചുവപ്പും വെള്ളയും ആ വഴിക്ക് സഞ്ചരിക്കുന്നുണ്ടായിരുന്നു. അവിടെ ചെന്നപ്പോൾ ശരിക്കും കണ്ണുതള്ളിപ്പോയി . പത്ത് പേര് പിടിച്ചാലും പിടിയെത്താത്ത അത്രയും വണ്ണമുള്ളൊരു മരം നീണ്ടുനിവർന്നങ്ങനെ കിടക്കുകയാണ് . ഒരുപാട് മണ്ണ നീക്കം ചെയ്തിട്ടും മരത്തിൻെറ പകുതി മാത്രമേ വെളിയിൽ ആയിട്ടുള്ളൂ . ഇന്നത്തെ പോലെ ജെ.സി.ബി പ്രചാരത്തിലായിട്ടില്ല . മനുഷ്യാധ്വാനം തന്നെ വേണ്ടിയിരുന്നു മണ്ണ് നീക്കാൻ . അത് വലിച്ച് പുറത്തിടാൻ ഒരു താപ്പാനയുടെ സഹായം വേണ്ടി വന്നേക്കും എന്ന് ഞാനോർത്തു . കണ്ടം പൂട്ടാൻ ആയി ട്രാക്ടർ ഓടിച്ചപ്പോൾ ഉഴവു പല്ലുകൾ ഉടക്കി ആണത്രേ മരം ഉണ്ടെന്ന് മനസ്സിലായത് . കേവലം ഒന്നു രണ്ടടി മണ്ണാഴത്തിൽ വർഷങ്ങൾ ആയിട്ടുണ്ടാവും ആ കിടപ്പ് എന്നോർത്ത് ഞാൻ നെടുവീർപ്പിട്ടു. മുകൾഭാഗം ചെത്തി വെടിപ്പാക്കി ഇടത്ത് കുട്ടികൾ കുനിഞ്ഞുനിന്ന് മണപ്പിച്ചു നോക്കുന്നു. പുതിയ പുസ്തകം ,പെൻസിൽ, റബ്ബർ ഒക്കേ കിട്ടുമ്പോൾ ചെയ്യുന്ന അതേ ശീലം ഈ പുതിയ സംഗതിയിലും അനുവർത്തിക്കുകയാണവർ. ഏതൊരു ജീവി വർഗ്ഗത്തിൻെറയും ആന്തരചോദനയായ സ്വയം ബോധന മാർഗമാണത്. അതിന് അധ്യാപകരുടെ ആവശ്യമില്ല. ഞാനും അത് അനുകരിച്ചു. മരമുത്തച്ഛന് വെടിമരുന്നിൻെറ മണമാണെന്ന് ഒരു കാർന്നോര് പറയുന്നത് കേട്ടു. അത് കിടക്കുന്ന സ്ഥലമുടമയ്ക്ക് ലോട്ടറിയടിച്ചെന്ന് വേറെ ആരോപറഞ്ഞു. മണ്ണിനടിയിൽനിന്ന് കിട്ടുന്ന വിലപിടിപ്പുള്ളതൊക്കെ ഗവൺമെൻറിന് കൊടുക്കണം എന്ന മറ്റൊരാളുടെ തീർപ്പ്. അപ്പോൾ അതിൻെറ നീതിശാസ്ത്രം എനിക്ക് പിടികിട്ടിയില്ല.

ഒന്നൂടെ കാണണം. അവിടെത്തിയപ്പോ ഞാൻ വൃശ്ചികകാറ്റ്മേയുന്ന പാടവരമ്പിലേക്ക് ത്ത് ആരുമില്ല...



പുള്ളിക്കാരന് അസൂയയാണെന്ന് എനിക്ക് തോന്നി. അപ്പോഴാണ് വേറൊരു മാമൻ പറയുന്നത് കേട്ടത് "നല്ല കാതലുള്ള മരമാണ് പത്തുപന്ത്രണ്ട് പൊരക്ക് മേപ്പര തീർക്കാനുള്ള ഉലാങ്ങള് കിട്ടും" ഈ കാതലും ഉലാങ്ങളും എൻെറ തലയിൽ എത്ര തെളച്ചുമറഞ്ഞിട്ടും വെണ്ടുകിട്ടിയില്ല. വീട്ടിൽ വന്ന ചേച്ചിമാരോട് ചോദിച്ചു. മൂത്തവൾ പറഞ്ഞു "കാതല് ന്ന് ച്ചാല് പ്രേമം ന്നാണ് ത്ലാങ്ങളെന്നച്ചാല് ഞ്ഞുട്ടാന്നച്ചനോട് ചോദിക്ക്..." ഞാൻ അച്ഛനോട് ചോദിച്ചു. വേറൊരു വിശദീകരണവും ആവശ്യപ്പെടാതെ തന്നെ സ്കൂളിൻെറ പടി കാണാത്ത അച്ഛൻ പറഞ്ഞു "കാതല്ന്നച്ചാല് മരത്തിൻറെ ഉൾക്കനം, ഉള്ളുറപ്പ്, ഉള്ളുമൂപ്പ് എന്നൊക്കെയാണ്. ഉലാങ്ങള് അത് അറുത്തുണ്ടാക്കണ കനം കൂടിയ കഴക്കോലുകളെ പറയണ പേരാണ്.. അങ്ങനെ എൻറെ സംശയം മാറിക്കിട്ടി. പിറ്റേന്ന് സ്കൂളിലേക്ക് അല്പം നേരത്തെ ഇറങ്ങി. ശയ്യാവലംബിയായ വൃക്ഷ ഭീമാകാരത്തെ കണ്ടും മണത്തും മതിയായിട്ടില്ല.

കുഴിയിലേക്ക് ചാട്ടം പിഴക്കാതെ ഞാൻ മരത്തിൻെറ പള്ളയിൽ കാലൂന്നി. പുസ്തകസഞ്ചി താഴെ വച്ച്..കമഴ്ന്ന് കിടന്ന് മരത്തെ കെട്ടിപിടിക്കാനൊരു വിഫലശ്രമം നടത്തി. അതിൻെറ ആദിമ സുഗന്ധം പരമാവധി ഉള്ളിലേക്കാവാഹിച്ചു. അതൊരു തരം കൊതിപ്പിക്കുന്ന സുഗന്ധമായിരുന്നു. ഇപ്പോഴും ഓർമ്മ മൂക്കിലേക്കത് കുടഞ്ഞ് തരുന്നുണ്ട്. കുറച്ച് മരപ്പൊടി ചുരണ്ടിയെടുത്തു ട്രൗസറിൻെറ കീശയിലിട്ടു. ആ മരത്തിൻെറ രപേരന്താണാവോ അതാരോടും ചോദിക്കാൻ വിട്ടുപോയി. കുറച്ച് നേരം കൂടെ ഞാനവിടെ സ്വയം മറന്നുനിന്നു. ബെല്ലടിക്കാറാ യിട്ടുണ്ടാവണം. മരത്തിൻെറ പള്ളയിൽ തലോടി പിന്നെ വരാമെന്നു പറഞ്ഞ് ഞാൻ പാടവരമ്പിലൂടെ സ്കൂളിലേക്കോടി..വൈകിയാൽ നല്ല കാതലുള്ള ചൂരൽ കൊണ്ട് നല്ല പെട കിട്ടാനും വഴിയുണ്ട്..ചൂരലിന് മാത്രമല്ല നല്ല

ഉൾ കാതലുള്ള അധ്യാപകരും അലങ്കരിച്ചിരുന്ന കാലമായി രുന്നല്ലോ S.N.G.S.H.S. നെ സംബന്ധിച്ചിടത്തോളം അത്. ഇപ്പോഴും അങ്ങനെത്തന്നെയാണ് എന്നാണെൻെറ വിശ്വാസം. ആ ശ്രേണിയിൽ പെട്ട കുറച്ച് പേരെയേ എനിക്കറിയുള്ളൂ. പഠിച്ച കാലത്ത് ഉണ്ടായിരുന്നവർ പിന്നീട് വന്നവരെ പുതിയ കുട്ടികൾ വിലയിരുത്തട്ടെ. അന്നത്തെ ഹെഡ് മാസ്റ്റർ തന്നെ വലിയ ഉദാഹരണം. രാധാകൃഷ്ണൻ മാഷിൻെറ നടപ്പും നോട്ടവും കണ്ടാൽ തന്നെ നട്ടെല്ലിലൂടെ ഒരു കൊള്ളിയാൻ പാഞ്ഞുപോകും.പിന്നെയും എത്രയോ പേർ. ഗുണനപ്പട്ടിക തിരിച്ചും മറിച്ചും ചോദിച്ച കുട്ടികൾക്ക് മനപ്പാഠമാക്കാൻ ശ്രമിച്ചിരുന്ന ബലരാമൻ മാഷ് ഒരു പേടിസ്വപ്നമായിരുന്നു. കൂടെ ചന്ദ്രൻ മാഷും. ഘനഗാംഭീര്യമാർന്ന ശബ്ദത്തിനും ഭാവഹാവാ ദികൾക്കുമുടമയായിരുന്ന ഷൺമുഖൻ മാഷും, ലാസ്യവിലാസ ഭാവത്തോടെ പൂർണചന്ദ്രനെ പ്പോലെ പുഞ്ചിരിച്ചിരുന്ന ചാത്തുണ്ണിമാഷും, സിദ്ധാർത്ഥൻ മാഷും രാജൻ മാഷുമൊക്കെ മേൽപ്പറഞ്ഞ ഉൾകാതലുള്ള അധ്യാപകരുടെ ശ്രേണിയിൽപ്പെടുന്നു. അതിൻെറ ഇങ്ങേ തലക്കൽ പ്രദീപ് മാഷും ഷാജി മാഷുമൊക്കെ വരുന്നുണ്ട്. പക്ഷേ മേൽപ്പരമാർശിച്ചവരുടെ ഗരിമ ഒന്നു വേറെ തന്നെയായിരുന്നു. അവരുടെ വേഷത്തിൽ തന്നെ അവർ അധ്യാപകരാണെന്ന് തിരിച്ചറിയാ മായിരുന്നു. ആ മാറ്റം സാർവ്വലൗകികമായൊരു മാറ്റം തന്നെയാണ്.. വിദ്യാർത്ഥികളിലും അത് സംഭവിച്ചല്ലോ...ചാത്തുണ്ണി മാഷെ കുറിച്ച് ചിലത് പറഞ്ഞ് കൊണ്ട് ഇതവസാനിപ്പിക്കാമെന്ന് തോന്നുന്നു. മാഷ്ക്ക് കോളില് കൊറച്ച് കൃഷിയുണ്ടായിരുന്നു. അക്കാലത്ത് അവിടേക്കുള്ള ഞാരറ്റടി തയ്യാറാക്കിയിരുന്നത് ഞങ്ങളുടെ പാടത്തായിരുന്നു.അച്ചൻെറ പരിചയക്കാരനാ യിരുന്നു മാഷ്..അന്നൊരിക്കൽ കണ്ടം പൂട്ടി വിതയ്ക്കാനായി വന്ന മാഷ് പറഞ്ഞൊരു കഥ ഇപ്പോഴും ഓർമയിലുണ്ട്. വിതക്കാരനോട് മാഷ് പറയാണ് വിതക്കാരൻെറ കാൽപ്പാട് കണ്ടത്തിൽ പതിയരുത്..അത് കേട്ട് വിതയ്ക്കുന്നയാൾ അന്തം വിട്ട് നിൽക്കാണ്.. (കാൽപ്പാട് പതിയാതെ വിത നടക്കില്ല. വിത്ത് അധികം ചവിട്ട് താഴ്ത്തരുത് എന്നേ ഉദ്ദേശിക്കുന്നുള്ളൂ) പണ്ടൊരു വിദ്വാൻ വിതക്കാരനെ കട്ടിലിൽ കയറ്റി നാലു പേരേ കൊണ്ട് കട്ടിൽ എടുപ്പിച്ച വിത നടത്തിയത്രെ. ഒരാളുടെ ചവിട്ടടി ഒഴിവാക്കാൻ നാലു പേരുടെ ചവിട്ടു പാടുകൾ വീഴ്ത്തി കടന്ന് പോയ ആ ബുദ്ധിയെ പരിഹസിച്ച ചാത്തുണ്ണി മാഷന്നു പൊട്ടി ചിരിച്ചതൊക്കെ എങ്ങനെ മറക്കാൻ. കഴിഞ്ഞ ആനിവേഴ്സറിക്ക് കണ്ടപ്പോ ഈ കഥ പറഞ്ഞതോർമ്മയുണ്ടോയെന്നു ചോദിച്ചു..അതൊക്കെ മറന്നിരിക്കുന്നു മാഷ്. കൃഷി നടത്തിയതൊക്കെ ഓർമ്മയുണ്ട്. കയ്യിൽ സ്വർണ്ണ നിറമുള്ള വാച്ചും കെട്ടി നല്ല സിൽക്ക് ഷർട്ടും മുണ്ടുമുടുത്ത് തോളിലൊരു കാലൻകുടയും തൂക്കിയിട്ട് ചേറു മണമുള്ള വയൽ വരമ്പത്ത് മാഷ് നിൽക്കുന്ന ആ ഓർമ്മയ്ക്ക് എന്തൊരു സുഗന്ധമാണ്..അന്ന് കണ്ടം പൂട്ടിയിരുന്നത് ഒരു ബാഹുലേയൻ ചേട്ടനായിരുന്നു. കരിയും നുകവും

ചുമന്ന് മൂരികളേയും കൊണ്ട് അദ്ദേഹം വരുന്ന കാഴ്ചയും മറക്കാവതല്ല തന്നെ. പിൽക്കാലത്ത് അദ്ദേഹെ കാളവണ്ടി പണിത് ഈ അടുത്ത കാലം വരെ സിമന്റ് കട്ടകൾ ഇറക്കി കൊടുക്കുന്ന പണിയിലേർപ്പെട്ടിരുന്നു. ജില്ലയിലെ തന്നെ അവസാന കാളവണ്ടിയായിരുന്നത്രെ അത്. കുറച്ച് നാൾ മുമ്പ് കാഞ്ഞാണിയിലെ പോർട്ടർമാർ ഇറക്കു കൂലി ആവശ്യപ്പെട്ട് നിരന്തരം അദ്ദേഹത്തെ തടഞ്ഞു കേസ്സു കൂട്ടവുമൊക്കെയായി. അവസാനം മനസ്സു മടുത്ത് അദ്ദേഹം ആ പരമ്പരാഗത തൊഴിൽ അവസാനിപ്പിച്ചു. മക്കളെ നോക്കും പോലെ നോക്കിയിരുന്ന കാളകളെ കണ്ണീരോടെ വിറ്റൊഴിവാക്കി. കാർഷിക സംസ്കൃതിയുടെ അവസാനത്തെ നിറക്കാഴ്ചയും നമ്മുടെ ജില്ലയിൽ നിന്നും വിട പറഞ്ഞു കഴിഞ്ഞു......പറഞ്ഞു വന്നത് നല്ല ഉൾ കാതലുള്ള അധ്യാപക ശ്രേഷ്ഠരുടെ വിശിഷ്ഠ സേവന പാരമ്പര്യമാണ് നമ്മുടെ സ്കൂളിനെ താങ്ങി നിർത്തുന്ന തട്ടും തുലാങ്ങളും എന്നാണ് . ആ കാലഘട്ടത്തിൽ ഇവിടെ പഠിക്കാൻ കഴിഞ്ഞു എന്നത് വലിയ പുണ്യമായി ഞാൻ കരുതുന്നു..ആ പൈതൃകത്തിൽ പുതിയ തലമുറകൾക്കും അഭിമാനിക്കാം.

*********************************************************************


ലേഖനം
നടന്ന്... നടന്ന്
നടന്നാണത്രേ...
വഴികൾ
ഉണ്ടായത്...!!
Facebook/ Zen to Zany

# വൈക്കം മുഹമ്മദ് ബഷീർ



ദൃശ്യ.എം.ആർ,ലക്ചറർ,
S,N.CollegeNattika

**തീ**ക്ഷ്ണമായ അനുഭവങ്ങളിലൂടെ, പ്രഫുല്ലമായ അനുഭൂതി കളിലൂടെ , നന്മയുടേയുംസ്നേഹത്തിന്റേയും വൻകര കളിലേക്ക് നമ്മേ കൂട്ടികൊണ്ടുപോയ എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. സാഹിത്യത്തിൽ നിലവിലുണ്ടായിരുന്ന വർണ്ണ വ്യവസ്ഥയേയും ആഢ്യഭാഷയേയും അക്കാദമിക് ഭാഷയേയും നിരാകരിച്ചുകൊണ്ട് സാധാരണക്കാരുടെ ഭാഷയിൽ അസാധാരണ കരുത്തോടെ വായക്കാരുടെ മനസ്സിൽ ബഷീർ ഇടംപിടിക്കുകയായിരുന്നു.

ചരിത്രപ്രസിദ്ധമായ വൈക്കത്തിന്റെ പ്രാന്തപ്രദേശത്ത് സ്ഥിതിചെയ്യുന്ന തലയോല പ്പറമ്പിൽ ഒരു ഇടത്തരം കുടുംബത്തിൽ അബ്ദുറഹിമാൻ-കുഞ്ഞനാച്ചമ്മ ദമ്പതികളുടെ മകനായി 1908 ജനുവരി 21 നാണ് മുഹമ്മദ് ബഷീർ ജനിച്ചത്. പ്രതിഭാശാലിയും പോരാളിയും ഒരേ സമയം ചിരിയുടേയും കണ്ണീരിന്റേയും കഥാകാരനായിരുന്നു ബഷീർ.


യുക്തിയുടേയും ശാസ്ത്രീയബോധത്തിന്റേയും ലോകത്തെ അതിവർത്തിച്ച് നിൽക്കുന്ന അഭൗമമായ അനുഭൂതികളാണ് വൈക്കം മുഹമ്മദ് ബഷീർ തന്റെ രചനകളിലൂടെ പ്രവഹിപ്പിച്ചത്.

ബാല്യകാലസഖി,ന്റുപ്പുപ്പാക്കൊരാനണ്ടാർന്നു, പാത്തുമ്മയുടെ ആട്, താരാസ്പെഷൽ, ശബ്ദങ്ങൾ,പ്രേമലേഖനം,മാന്ത്രികപ്പൂച്ച, മതിലുകൾ, അനുഭവത്തിന്റെ ദിനങ്ങൾ തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ നോവലുകൾ.

ഓർമ്മക്കുറിപ്പ്, പാവപ്പെട്ടവരുടെ വേശ്യ, വിശപ്പ്, വിഡ്ഡികളുടെ സ്വർഗ്ഗം, വിശ്വവിഖ്യാതമായ മൂക്ക്, അനർഘനിമിഷം, ചിരിക്കുന്ന മരപ്പാവ തുടങ്ങിയവയാണ് പ്രധാന കഥാസമാഹാരങ്ങൾ.

ബഷീർ അന്തരിച്ച ശേഷം പ്രസിദ്ധീകരിച്ച കൃതിയാണ് ' യാ ഇലാഹി ' .കഥ, കവിത, ലേഖനം, ഇവയുടം സങ്കലനമാണ് ഈ കൃതി.

തിക്തമായ ജീവിതാനുഭവങ്ങളുടെ ആകെത്തുകയാണ് ബഷീറിന്റെ ജീവിതം. പക്ഷേ ഈ അനുഭവങ്ങൾ കഥാത്മകമായി പുനസൃഷ്ടിച്ച് മലയാളസാഹിത്യത്തിന് ഈടുവെപ്പുണ്ടാക്കുകയായി രുന്നു അദ്ദേഹം. ജീവിതത്തെ അതിന്റെ തനിമയിൽ പച്ചയായി ബഷീർ അവതരിപ്പിക്കുന്നു. ഇതിഹാസ മുഖങ്ങളുള്ളവരാണ് അദ്ദേഹത്തിന്റെ പല കഥാപാത്രങ്ങളും. ജീവിതം കൂട്ടികെട്ടാതെ ചക്രവാളത്തിന്റെ അതിർത്തികൾക്കപ്പുറത്തേക്ക് സ്വതന്ത്രമായി മേയാൻ അനവദിച്ചു എന്നിടത്താണ് ബഷീർ കൃതികൾ അനർഘമായ അനുഭവമായിത്തീരുന്നത്. 1994 ജൂലൈ 5 ന് അദ്ദേഹം അന്തരിച്ചു.



# ലഹരിയിൽ നിന്നുള്ള മനുഷ്യന്റെ അതിജീവനം





എഡ്വ് വിൻ റാഫി
ക്ലാസ് IX A

**ലഹരി** എന്ന പദം ഈ കാലഘട്ടത്തിൽ വളരെ അധികമായി നാം ഉപയോഗിച്ചു കൊണ്ടിരിക്കുന്നതാണ്. ലഹരി എന്നു പറഞ്ഞാൽ എന്തിനോടെങ്കിലും മനുഷ്യന് തോന്നുന്ന ആസക്തി, കൊതി എന്നൊക്കെ വിവരിക്കാം. അത് അമിതമായാൽ ഭൂമി അവസാനിക്കുന്നതിനു മുമ്പ് മനുഷ്യകുലം നശിച്ചുതീരും. ലഹരികളെല്ലാം തിരികെ വരാൻ സാധിക്കാത്ത പടുകുഴിയിലേക്കാണ് തള്ളിവിടുന്നത്. **കേരളം ദൈവത്തിന്റെ സ്വന്തം നാട്**, ഇന്ന് പലവിധ സാമൂഹിക തിന്മകളാൽ നിറഞ്ഞിരിക്കുകയാണ്. നമ്മുടെ ജീവിതത്തിലെ മാനുഷികമൂല്യങ്ങൾ നമുക്ക് നഷ്ടപ്പെട്ടു കൊണ്ടരിക്കുന്ന അവസരത്തിലാണ് നാം ജീവിക്കുന്നത്. ഇതിനെല്ലാം പ്രത്യക്ഷ്യമായും പരോക്ഷമായും വഴിയൊരുക്കുന്നപ്രധാന ഘടകങ്ങിൽ ഒന്നാണ് ലഹരി.എന്താണ് ലഹരി ? എങ്ങനെയാണ് ലഹരിക്ക് അടിമപ്പെടുന്നത് ? അവ മൂലമുണ്ടാകുന്ന വിപത്തുകൾ എന്തെല്ലാം ? എന്ത തരം ലഹരികളുണ്ട് ? അവ മനുഷ്യനിൽ ചെലുത്തുന്ന സ്വാധീനംഎങ്ങനെയാണ് ? ഇവയിൽനിന്ന് മോചിതരാകാൻ എന്തുചെയ്യണം? എന്നൊക്കൊയുള്ള ചോദ്യങ്ങളാണ് നമുക്ക് ചുറ്റുമുള്ളത്.

ലഹരി എന്നാൽ മദ്യവും മയക്കമരുന്നും പുകയിലയു പാൻപരാഗും മാത്രമല്ല T.V. യും മൊബൈൽഫോണും കമ്പ്യൂട്ടറും നെറ്റും അമിതമായി ഉപയോഗിക്കുന്നതിനേയും എന്നു ലഹരി വിളിക്കാവുന്നതാണ്. അശ്ലീല ചിത്രങ്ങൾ കാണു ന്നതിനേയും ലഹരി എന്നു വിളിക്കാവുന്നതാണ്. ഇവയിൽ അടിമപ്പെട്ടു ന്നത് ചെറുതായി അവ ഉപയോഗിച്ചു തുടങ്ങിയാണ്. അത്യാകർക്ഷണമായാണ് ലഹരി വില്പനക്കാർ വിദ്യാർത്ഥികൾക്ക് പരിചയപ്പെ ടുത്തുന്നത്. ഇവയിൽ നിന്ന് വളരെ പണം സമ്പാദിക്കാനാകും എന്ന് അവർ കുട്ടികളെ വിശ്വസിപ്പിച്ചിരിക്കുകയാണ്. ലഹരി വസ്തുക്കളുടെ ഉപയോഗം മൂലം പലതരം മാനസിക വൈകല്യങ്ങളാണ് ഉടലെടുക്കുന്നത്. ലഹരിയിൽ



അടിമപ്പെടുന്നവരെ കുറിച്ചു പറയുകയാണെങ്കിൽ വിചിത്രവും വൈകൃതവും നിറഞ്ഞ പ്രത്യക്ഷ ഭാവം, മാതാ പിതാക്കളോടും ഗുരുഭൂതരോടും അധികാരികളോടും സാമൂഹിക നിയമങ്ങളോടും

മര്യാദകളോടും തികഞ്ഞ പുച്ഛഭാവം, അറുതിയില്ലാത്ത സ്വാതന്ത്ര്യകാംക്ഷികളായിരിക്കും. ഇത്തിക്കണ്ണി പോലെ മറ്റുള്ളവരുടെ അധ്വാനഭാരം ഊറ്റിക്കുടിക്കും , അതിരുകവിഞ്ഞ സുഖഭോഗാസക്തി. മയക്കമരുന്നിനാൽ തലച്ചോറ് വിഴിഞ്ഞും സുഖം അതിന്റെ ഉച്ചിയിൽ അനുഭവിക്കും . താൻ തെറ്റുചെയ്യുകയാണെന്ന് ബോധം അവർക്കുണ്ടായിരിക്കുകയില്ല. ഇവ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നത് കൂട്ടുകാരും മറ്റു പല കടക്കാരുമൊക്കെയാണ്. നമുക്കും നമ്മുടെ ചുറ്റുമുള്ള കുട്ടികൾക്കും ചീത്ത കൂട്ടുകെട്ടുകൾ ഉണ്ടെങ്കിൽ അവയിൽ നിന്ന് ഒഴിഞ്ഞ് മാറിയേമതിയാകൂ. മദ്യം സ്വജീവിതത്തെ മാത്രമല്ല ബാധിക്കുന്നത്. കുടുംബതേതിലെ ഓരോ അംഗത്തേയും അത് ബാധിക്കുന്നു. മദ്യലഹരിയിൽ അടിമപ്പെട്ടവർ തങ്ങളുടെ കിടുംബത്തെ നശിപ്പിക്കുന്നു. പുകയിലയാകട്ടെ പുകവലിക്കുന്നവരുടെ അരികെ നിൽക്കുന്ന ഒരാൾക്കുകൂടി ക്യാൻസർ വരുത്താൻ കാരണമാകുന്നു. മയക്കമരുന്ന്, കഞ്ചാവ് തുടങ്ങിയവയിൽ അകപ്പെടുന്നവർ ഏറെകുറേ പേരും 13 – 18 വയസ്സ് വരെയുള്ള കൗമാരക്കാരാണ്. യുവജനങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. പണ്ട് 20 – 25 വയസ്സിനു മുകളിലുള്ളവരായിരുന്നു ഇവ ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് അത് ടീനേജുകാരിൽ വ്യാപകമായികൊണ്ടിരിക്കുകയാണ്. ലഹരി വസ്തുക്കളുടെ നിരന്തര ഉപയോഗം മൂലം മാനസിക വിഭ്രാന്തി വരെ സംഭവിക്കുന്നു.


ഇങ്ങനെ ഈ പ്രശ്നങ്ങൾ തീരുന്നില്ല. പലതരത്തിലുള്ള ക്യാൻസർ പോലെയുള്ള രോഗങ്ങളിലേക്കും ഇവ അവരെ നയിക്കും. ലഹരിക്കടിമയായൊരു വ്യക്തി , താൻ എന്താണ് ചെയ്യുന്നത് എന്നതിനെ ക്കുറിച്ച് ശരിയായ അറിവ് അവന് ഉണ്ടായിരിക്കുകയില്ല. ലഹരിവസ്തുക്കൾ ഉപയോഗിക്കേണ്ട സമയം വരുമ്പോൾ അത് ലഭിക്കാൻ വേണ്ടി അവൻ എന്തും ചെയ്തു പോകുന്നു. പലവിധ കുറ്റകൃത്യങ്ങളുടെ പേരിൽ പിടിക്കപ്പെടുന്നവർ ഭൂരിഭാഗം പേരും ലഹരിവസ്തുക്കൾ കൊണ്ട് അടിമപ്പെട്ടവരാണ് എന്ന് പിന്നീടുള്ള അന്വേഷണങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ട്.

ഈ പദാർത്ഥങ്ങളിൽ നിന്നും മോചിതരാകാൻ രോഗി തനിയെ വിചാരിക്കുകയും ഡോക്ടർമാർ രോഗിയെ രക്ഷിക്കാൻ സന്നദ്ധരാകുകയും വേണം. ലഹരിയിൽ അടിമപ്പെട്ട് തിരിച്ചുവരാൻ വളരെ കഠിനമാണ്. അതുകൊണ്ട് നമുക്ക് ലഹരികളെപ്പറ്റി ജാഗരൂഗരായിരിക്കാം. മറ്റുള്ളവർ ആ വലയത്തിൽ അകപ്പെടുന്നതിനു മുമ്പ് നമുക്ക് അവരെ രക്ഷിക്കാം. ഇവയെക്കുറിച്ച് വരും തലുറയെ ബോധന്മാരാക്കാൻ പല പരിപാടികളും സംഘടിപ്പിക്കാൻ നമുക്ക് സാധിക്കും.

നാടകം, കൗൺസിലിംഗ് എന്നിവ ബോധവൽക്കരണ ഉപാധികളാണ്. ഡിഅഡിക്ഷൻ ചികിത്സ, മനോരോഗ ചികിത്സ, ഉൾക്കാഴ്ച നൽകുന്ന സൈക്കോതെറാപ്പി ചികിത്സ എന്നിവ ക്രപ്പെടുത്തിയിരിക്കന്നത് ലഹരിക്കടിമയായ വ്യക്തിക്ക് എത്രത്തോളം മനോരോഗാ വസ്ഥയുണ്ട് എന്നതിനെ അടിസ്ഥാന മാക്കിയാണ് നിശ്ചയിക്കുന്നത്. ഭാവിയുടെ വാഗ്ദാനങ്ങളായ യുവതലമുറയെ ഈ കരാളഹസ്തങ്ങളിൽ നിന്നും രക്ഷിക്കേണ്ടത് നാമോരോരുത്തരുടേയും കടമയാണ്. "**ലഹരി വിമുക്ത കേരളം**" എന്നതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം.



# അച്ചടക്കവും വിദ്യാർത്ഥികളും




അനാമിക. എ.സ്
**ക്ലാസ് VII B**

അച്ചടക്കം വിദ്യാർത്ഥികളിൽ വളരെയധികം കുറഞ്ഞു വരികയാണ്. അച്ചടക്കം എന്നു പറഞ്ഞാൽ മുതിർന്നവരെ കണ്ടാൽ ബഹുമാനിക്കുക, നല്ല സ്വഭാവം ഇതൊക്കെയാണ് ഒരു വിദ്യാർത്ഥിക്ക് ആദ്യം വേണ്ട ഗുണങ്ങൾ. ഇതാണ് ഒരു വിദ്യാർത്ഥിയെ വാർത്തെടുക്കുന്നത്. അച്ചടക്കമാണ് ഒരു വിദ്യാർത്ഥിയെ വാർത്തെടുക്കുന്നത്. അധ്യാപകരെ ബഹുമാനിക്കുക, മുതിർന്നവരെ ബഹുമാനിക്കുക, വീട്ടിൽ വരുന്ന വ്യക്തികളെ ബഹുമാനിക്കുക ഇതൊക്കെ നമ്മുടെ ഗൃഹപാഠങ്ങളുടെ ഭാഗമാണ്.


മാതാപിതാക്കളിൽ നിന്നാണ് വിദ്യാർത്ഥികൾ പഠനത്തിന്റെ ആദ്യപാഠങ്ങൾ പഠിക്കുന്നത്. അതാണ് നമ്മൾ ജീവിതത്തിൽ എന്നും നിലനിർത്തി കൊണ്ടുപോകേണ്ടത്. അച്ചടക്കം നമ്മുടെ ജീവിതത്തിൽ നിന്ന് പോകുന്നതോടെ നമ്മുടെ ശരീരത്തിലെ ഒരു അവയവം നഷ്ടപ്പെടുന്നതു പോലയാണ്. അച്ചടക്കമില്ലാത്ത വിദ്യാർത്ഥികൾ പഠനത്തിന് അർഹരല്ല.

അച്ചടക്കം കുറഞ്ഞു വരുന്നതിലൂടെ വിദ്യാർത്ഥികൾക്ക് തന്നെയാണ് ഭവിഷത്ത്. നമ്മുടെ വാക്കുകളിൽ മാത്രമല്ല പ്രവൃത്തിയിലും മനസ്സിലും ബഹുമാനം ഉണ്ടായിരിക്കണം. പുതുതലമുറയിലെ വിദ്യാർത്ഥികൾക്ക് അച്ചടക്കം എന്നത് എന്താനണന്ന് പോലും അറിയാത്തവരുണ്ട്. 'മുല്ല പൂമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം' എന്ന ചൊല്ലിനും അച്ചടക്കത്തോട് ഒരു സാമ്യമുണ്ട്. കാരണം നമ്മൾ നല്ല സുഹൃത്തുക്കളുമായി കൂട്ടുകൂടുന്നതു വഴി നമ്മളും നല്ല ശീലങ്ങൾ പഠിക്കുകയാണ്. അച്ചടക്കം എന്താണെന്ന് നമുക്ക് അവരിൽ നിന്ന് പഠിക്കാൻ സാധിക്കും. അതുപോലെ തന്നെ 'ചങ്ങതി നന്നായാൽ കണ്ണാടി വേണ്ട ' എന്ന് പഴമക്കാർ പറയും. നല്ല സുഹൃത്ത് നല്ലൊരു വഴികാട്ടിയാണ്.

നമ്മുടെ ജീവിതത്തിൽ നമ്മൾ ഏറ്റവും ഊന്നൽ കൊടുക്കേണ്ട ഒരു കാര്യമാണ് അച്ചടക്കം. അത് ഇല്ലാതാവാൻ അനുവദിക്കുന്നത് വഴി നമ്മൾ ഒരു ചെകുത്താന്റെ രൂപം പ്രാപിക്കുകയാണ്.



# സാമൂഹ്യ പരിഷ്കർത്താവായ
# സി.വി.കുഞ്ഞയ്യപ്പൻ



ജോർജ്ജ് ആലപ്പാട്ട്



**സി.വി.കുഞ്ഞയ്യപ്പൻ**

**ഒ**ന്നേകാൽ നൂറ്റാണ്ടിനു മുമ്പുള്ള കാലഘട്ടത്തിൽ കണ്ടശ്ശാംകടവിലെ തികഞ്ഞസാമൂഹ്യ പരിഷ്കർത്താവായിരുന്നു സി.വി. കുഞ്ഞയ്യപ്പൻ. തൊട്ടുകൂടാത്തവരും തീണ്ടി കൂടാത്തവരുമായ അധ:സ്ഥിത ജനവിഭാഗങ്ങളെ വളർത്തികൊണ്ട് വരുന്നതിൽ അദദേഹം മഹത്തായ പങ്ക് വഹിച്ചു. സാമൂഹിക സാംസ്കാരിക സഹകരണ വിദ്യാഭ്യാസ വ്യാപാര മത മണ്ഡലങ്ങളിൽ സ്വയം മറന്നു പ്രവർത്തിച്ച സി.വി., ഉരകിത്തീർന്ന മെഴുകിതിരി പോലെ നാല്പത്തി അഞ്ചാം വയസ്സിൽ ഇഹലോകവാസം വെടിയുകയാനുണ്ടായത്.

ചക്കാമഠത്തിൽ വേലപ്പന്റേയും കാളിയുടേയും പുത്രനായി കൊല്ലവർഷം 1060 ൽ (1885-1886) കുഞ്ഞയ്യപ്പൻ ഭൂജാതനായി. കുറുമ്പ ഏക സഹോദരിയായിരുന്നു. മെച്ചപ്പെട്ട ആസ്തിയും ആഭിജാത്യവും ഉള്ളതായിരുന്നു ചക്കാമഠ ത്തിൽ തറവാട്. അതുകൊണ്ടുതന്നെ അല്ലലറിയാതെ, സന്തുഷ്ടനായി കുഞ്ഞയ്യപ്പൻ വളർന്നു വന്നു. കളിമൺ ചുമരുകളും ഓലപ്പുരകളും നിറഞ്ഞ ആ കാലഘട്ടത്തിൽ സവർണ്ണ ഭവനങ്ങൾ പോലെയുള്ള ഓട്ടുമേഞ്ഞ ഇരുനില ഭവനമായുരുന്നു അദ്ദേഹത്തിന്റേത്. വിദ്യാഭ്യാസം കണ്ടശ്ശാദകടവ് ഗവൺമെന്റ് സ്കൂളിലായിരുന്നു. എന്തുകൊണ്ടാണെന്നറയില്ല , ലോവർ പ്രൈമറിയിൽ വെച്ച് വേലപ്പൻ പഠനം അവസാനിപ്പിച്ചു. വളർന്നു വന്നപ്പോൾ കുടുംബകാര്യങ്ങളിൽ അദ്ദേഹം അശ്രദ്ധനായിരുന്നു. നിലവിലുള്ള ദയനീയാവസ്ഥയിൽനിന്നും സ്വസമുദായ ത്തേയും മറ്റ് അധ:സ്ഥിതരേയും മോചിപ്പിക്കനമെന്ന അഭിനിവേശം കുഞ്ഞയ്യപ്പന്റെ കൂടപ്പിറപ്പായിരുന്നു. സമർത്ഥനായ സംഘാടകനും നിസ്തുലനായ ശ്രീനാരായണ ധർമ്മ പ്രചാരകനുമായിരുന്നു വേലപ്പൻ. ഈഴവരാദികളായ അവർണ്ണരെ താഴ്ത്തിക്കെട്ടുന്ന സവർണ്ണമേധാവികളെ നേരിടാൻ അദ്ദേഹം സമരപരിപാടികൾ ആവിഷ്കരിച്ചു. ജാത്യാചാരങ്ങൾ ഒന്നൊന്നായി ലംഘിച്ചും ഉന്നതജാതി മേധാവികളെ വെല്ലുവിളിച്ചും മിന്നോട്ടുപോയപ്പോൾ അടിച്ചമർത്തപ്പെട്ട അവശസുദായംഗങ്ങളിൽ അഭൂതപൂർവ്വമായഉണർവ്വുണ്ടായി.അയിത്ത ത്തിന്റെ പേരിൽ വഴിമാറുന്നതും മറ്റും ചെയ്യാതായി.താഴ്ന്ന ജാതിക്കാരെ പ്രവേശിപ്പിക്കാത്ത ക്ഷേത്രങ്ങളിൽ ദർശനം നടത്തുകേയോ വഴിപ്പ് നടത്തുകയോ ചെയ്യുന്നതല്ലെന്ന അവർ പ്രതിജ്ഞയെടുത്തു. ഈഴവപ്പിള്ളേരുടെ ധിക്കാരനടപടികളിൽ സവർണ്ണമേധാവികൾ ക്ഷുഭിതരായി. തൽഫലമായി പലേടത്തും ഏറ്റുമുട്ടലുകളുണ്ടായി. നയിക്കാന്ട സി.വി. യുള്ളപ്പോൾ തങ്ങൾക്കൊന്നും ഭയപ്പെടാനില്ലെന്നായിരുന്നു അവർണ്ണ യുവാക്ക ളുടെ നിലപാട്.

## വിവാഹവും പുത്രന്റെ ജനനവും

കുഞ്ഞയ്യപ്പൻ വിവാഹം ചെയ്തത് പടിയം മാടമ്പത്ത് രാമന്റെ മകൾ കുഞ്ചിയേയാണ്. കുറെ വർഷങ്ങൾ കഴിഞ്ഞിട്ടും കുഞ്ഞയ്യപ്പന് കുട്ടികളുണ്ടായില്ല. ഈ കാലഘട്ടത്തിലാണ് വടക്കെ കാരമുക്ക് ശ്രീചിദംബരനാഥ പ്രതിഷ്ഠയ്ക്കായി ശ്രീനാരായണഗുരുവിനെ കൊണ്ടുവരാൻ സി.വിയതന്നെ മുൻകയ്യെടുത്ത് രംഗത്തിറങ്ങിയത്. 1095 ഇടവം ഒന്നിന് ഗുരുദേവൻ കാരമുക്കിലെത്തുകയും ഏവരേയും അത്ഭുതപ്പെടുത്തികൊണ്ട് ക്ഷേത്രത്തിൽ ദീപപ്രതിഷ്ഠ നടത്തുകയും ചെയ്തതത്. സന്ദർഭവശാൽ കുഞ്ഞയ്യപ്പന്റെ കുഞ്ഞുങ്ങളില്ലാപ്രശ്നം ആരോ ഗുരുദേവന്റെ മുന്നിലവതരിപ്പിച്ചു. അൽപ്പനേരത്തെ മൗനത്തിനുശേഷം സ്വാമികൾ ആശിർ വ്വാദപൂർവ്വം പറഞ്ഞു "സി.വി.യ്ക്ക് സന്താന സൗഭാഗ്യമുണ്ടാകും". 1099 ൽ കുഞ്ഞയ്യപ്പന് 39 വയസ്സായപ്പോൾ ഒരു കുഞ്ഞ് ജനിച്ചു. സുരേന്ദ്രൻ എന്നാണ് കുഞ്ഞിന് നാമകരണം ചെയ്തത്. പില്ക്കാലത്ത് അദ്ദേഹം അധ്യാപകനായിത്തീർന്നു.

## വാണിജ്യവും വ്യവസായവും

വാണിജ്യവും വ്യവസായവും അവർക്കന്യമായിരുന്നു. അവരിൽ മുതൽ മുടക്കുവാൻ കഴിവുള്ളവരും നന്നെ കുറവായിരുന്നു.ജാതിവ്യവസ്ഥകൾ രൂക്ഷമായി രുന്നതിനാൽ വ്യാപാരം നടത്തി വിജയിപ്പിക്കുക വിഷമമായിരുന്നു. അവർണ്ണർ തൊടുന്നതെല്ലാം സവർണ്ണക്കശുദ്ധമായിരുന്നു. അവർണ്ണർ തൊട്ടൽ വെള്ളത്തിൽ മുങ്ങി ശുദ്ധി വരുത്തണം. എന്നാൽ അവർ തൊടുന്നതെല്ലാം വെള്ളത്തിൽ മുക്കിയെടുക്കാനാവില്ലല്ലോ. അതുകൊണ്ടു തന്നെ അവർണ്ണർ വ്യാപാരമാരംഭിച്ചാൽ വിപണനം സ്വസമുദായംഗങ്ങളിൽ മാത്രമാക്കാൻ തീരുമാനിച്ചിരുന്നു.

## ചകിരി വ്യവസായം

തെങ്ങ്കൃഷിയുമായി ബന്ധപ്പെട്ട് കണ്ടശ്ശാംകടവിൽ ചകിരി വ്യവസായത്തിന് നല്ല സ്ഥാനമുണ്ടായിരുന്നു. ചകിരിനാരുകൾ കൊച്ചി, ആലപ്പുഴ പട്ടണങ്ങളിലേക്ക് കെട്ടുവള്ളങ്ങളിൽ കാനോലികനാൽ വഴി കൊണ്ടുരോയി വിറ്റഴിക്കുകയെന്നതായിരുന്നു ആ വ്യസായത്തിന്റെ സ്വഭാവം. കണ്ടശ്ശാംകവിൽ ചകിരി വ്യവസായം ആരംഭിച്ചതും വളർത്തിയതും ക്രിസ്ത്യൻ വ്യാപാരികളാണ്. ആ രംഗത്തേക്ക് ഒരീഴവൻ സി.വി.കുഞ്ഞയ്യപ്പൻ കടന്നു വന്നപ്പോൾ എതിർപ്പുകളുണ്ടായെങ്കിലും ക്രമേണ അതെല്ലാം ഇല്ലാതായി. കൊച്ചിയിലേയും ആലപ്പുഴയിലേയും മാർക്കറ്റുകളിൽ സ്വാധീനം നേടിയ സി.വി. തമിഴ് നാട്ടിലെ സേലം പട്ടണത്തിൽ ഒരു പുതുമാർക്കറ്റ് കണ്ടുപിടിച്ച് വ്യാപാരമേഖല വിപുലീകരിച്ചു. അതുകൊണ്ട് ഏറെ നേട്ടവുമുണ്ടായി. എന്നാൽ അ വ്യാപാരം ഒടുവിൽ സേലത്ത് ഒരു തീപ്പിടുത്തത്തോടുകൂടി അന്യം നിന്നുപോവുകയാണുണ്ടായത്.

## സഹകരണപ്രസ്ഥാനം

ഈഴവരാദി അവർണ്ണ ജനവിഭാഗങ്ങളെ സാമ്പത്തികമായി സഹായിക്കാനും അവരില്ട സമ്പാദ്യശീലം വളർത്തുവാനുമാണ് സി.വി.സഹകരണരംഗത്തേക്ക് തിരിഞ്ഞത്. സി.വി.യടക്കം പത്തുപേരുടെ അപേക്ഷയനുസരിച്ച് 1091 വൃശ്ചികം 24 ന് സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചു. 1105 ൽ സംഘത്തിന് ഇന്ന് കാണുന്ന സ്ഥലത്ത് കെട്ടിടം ഉണ്ടായപ്പോൾ അതിനകം അന്തരിച്ച കുഞ്ഞയ്യപ്പനെ ആദരിച്ചുകൊണ്ട് " സി.വി. സ്മാരക മന്ദിരം " എന്ന് നാമകരണം ചെയ്തു. 1950 ൽ പ്രത്യേക നിയമം വന്നപ്പോൾ ' ഈഴവ ' വിശേഷണം ഒഴിവാക്കി. 1951 ഏപ്രിൽ 29 മുതൽ പതിനാറാം നമ്പ്ര് കാരമുക്ക് പരസ്പര സഹായ സംഘം എന്ന പേരിലായി. 1976 ൽ സംഘം ബാങ്കായി ഉയർന്നു. അങ്ങനെ ' കാരമുക്ക് സർവ്വീസ്

സഹകരണ സംഘം ക്ലിപ്തം നമ്പർ 16' എന്നായി.

**കാഞ്ഞണി ചന്ത**

സഹകരണസംഘം പോലെ തന്നെ സമൂദായത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വഴിയൊരുക്കുന്നതായിരുന്ന ചന്തയും. ചന്തയുടെ അംഗീകാരത്തിനായി ശ്രമമാരംഭിച്ചപ്പോൾ ശക്തമായ എതിർപ്പുകളേയാണ് നേരിടേണ്ടി വന്നത്.കണ്ടശ്ശാംകടവ് ചന്തയുടെ അധികാരികൾ കൊച്ചിദിവാൻജിയെ സമീപിച്ച് കാഞ്ഞാണി ചന്തയ്ക്ക് ലഭിച്ച അംഗീകാരം പിൻവലിപ്പിച്ചു.തന്ത്രശാലിയായ കുഞ്ഞയ്യപ്പൻ എതിരാളികളെ നേരിട്ടു. അദ്ദേഹം കൊച്ചിരാജാവിനെ മുഖം കാണിച്ച് സ്ഥിതിഗതികൾ ധരിപ്പിച്ച ശേഷം കാഞ്ഞാണി ചന്ത നടത്താനുള്ള അ നുമതിയുമായാണ് തിരിച്ചു വന്നത്.

**വിദ്യാഭ്യാസ പ്രവർത്തനം**

പഠിച്ച് സ്വതന്ത്രരാകാനും സംഘടിച്ച് ശക്തരാകാനുമുള്ള ശ്രീനാരായണ ഗുരു സ്വാമികളുടെ ആഹ്വാനം അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിരുന്നു. വിവേകാനന്ദ ലൈബ്രറി, റീഡിംഗ് റൂം സി.വി.യുടെ പരിശ്രമഫലമായിരൂപം കൊണ്ട വായനശാലയായിരുന്നു. സി.വി.യുടെ ശ്രദ്ധ ഈഴവരുടെ കാര്യത്തിൽ മാത്രമായിരുന്നില്ല. പാരമ്പര്യം ലംഘിച്ചു കൊണ്ടുതന്നെ തനിക്ക് സ്വാധീനമുള്ള വിദ്യാലയങ്ങളിൽ അധ:കൃത വിദ്യാർ ത്ഥികൾക്ക് പ്രവേശനം നല്കാൻ അദ്ദേഹം ശ്രദ്ധിച്ചുപോന്നു. വിദ്യാലയങ്ങളിൽ പോകാൻ പൊതുവെ വിമുഖത കാട്ടിയിരുന്ന അധ:കൃത വിദ്യാർത്ഥികളെ ബോധവാന്മാരാക്ക, രക്ഷിതാക്കളിൽ പ്രേരണ ചെലുത്തി, ആവശ്യമായ സാമ്പത്തിക സഹായങ്ങ് നല്കിയിട്ടാണ് കുട്ടികളെ വിദ്യാലയത്തി ലെത്തിച്ചിരുന്നത്. പഠിയ്ക്കാൻ മിടുക്കും താല്പര്യവുമുള്ള കുട്ടികൾ ഏത് സമുദായത്തിൽ പെട്ടവരായാലും പാവങ്ങലാണെന്നു കണ്ടാൽ അദ്ദേഹം സഹായഹസ്തം നീട്ടുക പതിവായിരുന്നു. മറ്റുസമുദായങ്ങളിലും അങ്ങ നെയുള്ളവരെ കാണാം. പ്രശസ്ത അഭിഭാഷകനായിരുന്ന എം.കൃഷ്ണമേനോൻ അതിലൊരാളാണ്. കണ്ടശ്ശാംകടവിലെ പ്രാമാണിമാർ സഹായം നിഷേധിക്കയാൽ നിരാശനായ ഒരു ക്രിസ്ത്യൻ യുവാവിനെ സി.വി.പഠിപ്പിക്കുകയും പിന്നീട് കൊച്ചിൻ പോലീസിൽ ഉയർന്ന ഉദ്യോഗം വഹികകുകയും ചെയ്തിട്ടുണ്ട്.

**സഹോദരൻ അയ്യപ്പൻ**

ചക്കരകടവിൽ മിടുക്കനായ ഒരു അയ്യപ്പൻ കുഞ്ഞ് മെട്രിക് കഴിഞ്ഞ് പണമില്ലാതെ കുഴങ്ങുന്നകാര്യം സി.വി.യുടെ ശ്രദ്ധയിൽ പെടുവാനിടയായി. ആ കുട്ടിയുടെ കോളേജ് പഠനത്തി നാവശ്യമായ മുഴുവൻ ചിലവും താൻ വഹിക്കുന്നതാണെന്ന് സി.വി.കുട്ടിയുടെ കുടുംബത്തെ അറിയിച്ചു. അതിനുമുമ്പ് അയ്യപ്പൻകുഞ്ഞിന്റെ പഠിപ്പിനുള്ള ഏർപ്പാട്ട കൾ ഗുരുദേവൻ ചെയ്തു കഴിഞ്ഞി രുന്നതിനാൽ സി.വി.യുടെ സഹായം അവശ്യമായി വന്നില്ല. ഈ സംഭവം സി.വി.യുടെ ചരമത്തിൽ അനുശോചിക്കുവാൻ കാരമുക്കിൽ ചേർന്ന പൊതുയോഗത്തിൽ വെളിപ്പെടുത്തിയത് സഹോദരൻ അയ്യപ്പനാണ്. ആ സഹോദരൻ അയ്യപ്പൻ തന്നെയാണ് ചക്കരകടവിലെ അയ്യപ്പൻകുഞ്ഞ്.

**മാങ്ങാട്ടുകര എ.യു.പി.സ്കൂൾ**

ആദ്യം മാങ്ങാട്ടുകര വിജയരാഘ വാചാരി മെമ്മോറിയൽ പ്രൈമറി സകൂൾ സ്ഥാപിച്ചത് സി.വി.യാണ്. ഈഴവർക്കും അധ:കൃതർക്കും വിദ്യാഭ്യാസ സൗജ ന്യമനുവദിച്ചും സർക്കാർ ഉദ്യോഗങ്ങൾ നല്കിയും സഹായിച്ച നീതിമാനായ ഭരണാധകാരിയായിരുന്നു ദിവാൻ സർ വിജയരാഘവാചാരി. ഈഴവർക്ക് പകുതി ഫീസും അധ:കൃതർക്ക് ഫീസില്ലാത്ത അവസ്ഥയും ഉച്ചഭക്ഷണം, സ്ലേറ്റ്, പുസ്തകം, ഉടുതുണി മുതലായവയും സൗജന്യ മാക്കിയത് അദ്ദേഹമാണ്. മഹാനുഭാവനായ രാഘവാചാരിയുടെ

നാമം എന്തുകൊമണ്ടോ ഇല്ലാതാവുകയും പകരം എ.എൽ.പി. എന്നായിത്തീരുകയും പിന്നീട് എ.യു.പി.സ്കൂൾഎന്നായി മാറുകയാണുണ്ടായത്.

## എസ്.എൻ.ജി.എസ്.എൽ.പി. സ്കൂൾ

ശ്രീനാരായണഗുപ്തസമാജത്തിന്റെ ആഭിമുഖ്യത്തിൽ സി.വി.സ്ഥാപിച്ചതാണ് ശ്രീനാരായണഗുപ്തസമാജം എൽ.പി.സ്കൂൾ. 19571 ൽ യു.പി.യായി. 1982 ൽ ഹൈസ്കൂളായി. ഹയർസെക്കണ്ടറി സ്കൂളായി ഉയർത്തിയത് 2014 ൽ ആണ്.

## ത്യാഗപൂർവ്വമായ സേവനം

ജീവിതത്തിൽ ത്യാഗപൂർവ്വമായ സേവനം കാഴ്ചവെച്ച സി.വി.കുഞ്ഞയ്യപ്പൻ, ഡോ:പൽപ്പു, മഹാകവി കുമാരനാശാൻ, ചാന്നാർ, സി.കൃഷ്ണൻവക്കീൽ തുടങ്ങിയവരുമായി സൗഹൃദം സ്ഥാപിച്ചിരുന്നു. സ്വാമി ബോധാനന്ദയോടൊപ്പം സി.വി.കേരളം മുഴവനും തമിഴിനാട്ടിലും, തെക്കൻ കർണ്ണാ ടകത്തിലും ചുറ്റിസഞ്ചരിക്കുകയും ചെയ്തിട്ടുണ്ട്

*****************************************************************


ഓർമ്മകളിലേയ്ക്ക് വിരുന്നു
പോയവരെ
ഓർത്തിരുന്നാൽ
ഒരു കാലത്തിന്റെ പാദസ്പന്ദനം
തൊട്ടടുത്ത് കേൾക്കാം...
minu prem
ആസ്വാദനം

# ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ





ഐശ്വര്യ ദാസ്. T.Y.
ക്ലാസ്  IX B

"**ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ** " നാസി തടവിലാക്കപ്പെട്ട ഒരു നിഷ്കളങ്ക ബാലിക എഴുതിയ ദിനരസക്കുറിപ്പുകളാണ് ഇതിൽ ഉള്ളത്. പതിമൂന്ന് വയസ്സ് മാത്രം പ്രായമുള്ളപ്പോൾ മുതൽ തന്റെ മരണത്തിന് മുമ്പ് വരെയുള്ള ദിവസങ്ങളിലെ തടവറയിലെ അനുഭവങ്ങൾ വിവരിക്കുന്നത് ആണ് കത്തുകളുടെ രൂപത്തിലുള്ള ഈ പുസ്തകം. 1942 ജൂൺ 14 ഞായർ മുതൽ 1944 ആഗസ്റ്റ് 1 ചൊവ്വാഴ്ച വരെയുള്ള ആൻഫ്രാങ്കിന്റെ കുറിപ്പുകൾ യുദ്ധത്തിന്റെ കെടുതി മനുഷ്യസമൂഹത്തിലും മനുഷ്യമനസ്സിലും ഏൽപ്പിക്കുന്ന ആഘാതത്തിന്റെ നേർചിത്രമായി മാറുന്നു. ആൻ തന്റെ ജീവിതത്തിൽ നടക്കുന്ന സുപ്രധാന സംഭവങ്ങളെല്ലാം ഈ കത്തുകളിൽ വിവരിക്കുന്നുണ്ട്. അമ്മയുമായി അത്ര നല്ല ബന്ധമില്ലാത്ത അച്ഛനുമായി പുലർത്തിയിരുന്ന ബന്ധം ദൃഢമായിരുന്നു. ഒളിത്താവളത്തിൽ അവരുടെ കൂടെ ഒരു കുടുംബവും ഡോക്ടറും താമസിക്കുന്നുണ്ട്. ആ കുടുംബതേതിലെ മിസ്സിസുമായും പിന്നെ ഡോക്ടറുമായും ഉണ്ടാവുന്ന വാക്കർക്കങ്ങൾ , ഏറ്റുമുട്ടലുകൾ , അവർ ആനിനെ എത്ര വേദനിപ്പിക്കുന്നുണ്ടെന്നും ആൻ പറയുന്നു. പിടിവാശിക്കാരിയും കുസൃതിയുമായ ആൻ ആൻ ആരുടെ മുന്നിലും ആത്ര പെട്ടെന്ന് തോറ്റുകൊടുക്കില്ല എന്ന് ആൻ തന്നെ എഴുതുന്നു. ആൻ തന്റെ പിറന്നാൾ ദിവസം മുതൽ ഉള്ള ദിവസങ്ങളിലെ അനുഭവങ്ങൾ വളര രസകരമായും എന്നാൽ വീട് വിട്ട് കഴിയേണ്ടിവന്ന ദിവസങ്ങളിൽ അനുഭവിച്ച ഏകാന്തതയും സ്വാതന്ത്ര്യമില്ലായ്മയുടെ അനുഭവങ്ങളും പങ്ക് വെയ്ക്കുന്നു.

വളരെ നിഷ്കളങ്കമായി ഒരു ബാലിക പറയുന്ന ദിനരസക്കുറിപ്പുകൾ മാത്രമല്ല ഇത്. യുദ്ധക്കെടുതി തന്നെ പോലുള്ള കുട്ടികളുടെ ഉള്ളിൽ ഏൽപ്പിക്കുന്ന എത്ര വലുതായിരിക്കുമെന്ന് എഴുതുന്നു. തന്റെ സുഹൃത്തായ കിറ്റി എന്ന പെൺകുട്ടിക്ക് എഴുതുന്ന ഈ കത്തുകളിൽ തന്റെ മനോവിചാരങ്ങളും അനുഭവങ്ങളും ഒരു മടിയുമില്ലാതെ എഴുതുന്നു. ജൂതവംശരായതുകൊണ്ട് മാത്രം ജന്മദേശം വിട്ട് കുടിയേറ്റം നടത്തുവാൻ ഫ്രാങ്കിന്റെ കുടുംബം നിർബന്ധിതരായി. ഹിറ്റ്ലർ നടപ്പിൽ വരുത്തിയ ജൂതവിരുദ്ധ നിയമങ്ങളുടെ ദുരന്തഫലങ്ങൾ യഹൂദകുടുംബങ്ങളെ എത്ര മാത്രം ബാധിച്ചു എന്ന് ഈ കത്തുകളിലൂടെ മനസ്സിലാക്കാം. ആനിന്റെ അച്ഛൻ, അമ്മ, ചേച്ചി, ഒളിസങ്കതത്തിലെ താമസക്കാരായ മിസ്റ്റർ വാർഡൻ, മിസ്സിസ് വാർഡൻ, പീറ്റർ വാർഡാൻ ഡുസ്സൽ എന്ന ദന്തഡോക്ടർ ഇവരുമായുള്ള വഴക്കുകളും കത്തിൽ കടന്നുവരുന്നു. യുദ്ധത്തിനുവേണ്ടി മുറവിളി കൂട്ടുന്നവർ ഒരു തവണയെങ്കിലും വായിക്കേണ്ട ഒരു പുസ്തകമാണ് ഇത്. ഈ ഡയറിക്കുറിപ്പുകൾ മനുഷ്യന്റെ ഹിംസയ്ക്കെതിരെ ശബ്ദിയ്ക്കുന്ന ഓർമ്മത്താളുകളാണ്.

# വായിച്ച വളർന്ന കഥ





**കാർത്തിക.എ.ജി**
ക്ലാസ് X D

പ്രസിദ്ധനായ കഥാകൃത്ത് സുകുമാർ അഴീക്കോടിൻെറ കൃതികളിൽ ഒന്നാണ് വായിച്ചവളർന്ന കഥ. അഴീക്കോട് 1920 കണ്ണൂരിൽ ജനിച്ച ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ ഗ്രന്ഥരൂപത്തിൽ വന്ന ഉപന്യാസത്തിൽ എല്ലാം കൂടെ ഇരുനൂറിൽ കൂടുതൽ വരുന്നില്ല. അദ്ദേഹത്തിൻെറ ലേഖനലോകത്തിൽ പുനരവലോകനം ചെയ്യുമ്പോൾ ആ വിഷയങ്ങളുടെ കടുത്ത വൈവിധ്യം എന്നെ തന്നെ അമ്പരിപ്പിക്കുന്നു. അത്ഭുത കഥകളിൽ നിന്ന് തുടങ്ങുന്ന പ്രബന്ധരചനാശ്രമം പിന്നീട് സാഹിത്യവും തത്ത്വചിന്തയും ഭാരത സംസ്കാരവും ശാസ്ത്രവും രാഷ്ട്രീയവും സാമൂഹികവും മറ്റുമായ ദൈനംദിന പ്രമേയങ്ങളും എല്ലാം ഉൾക്കൊള്ളുന്ന ഒരു സാഹസമായി മാറിയിരിക്കുന്നു. 23 ഉപന്യാസങ്ങൾ സങ്കലനം ചെയ്തുണ്ടാക്കി യതാണ് "വായിച്ച വളർന്ന കഥ" എന്ന ശീർഷകത്തിൽ പുറത്തിറക്കിയ ഈ കൃതി. അഴീക്കോടിന്റെ പ്രസംഗങ്ങൾ പോലെ വിവിധ വിഷയസ്പർശികളായ ലേഖനങ്ങളാണ് രചിച്ചിട്ടുള്ളത്. രാഷ്ട്രീയ വിശകലനം, സാമൂഹ്യ ചിന്ത, സ്പോർട്സ്, വിമ വിമർശനം, സാഹിത്യ ആസ്വാദനം തുടങ്ങിയത് പലതും. അക്കൂട്ടത്തിൽ ആത്മകഥാപരമായ ചിലതുണ്ട്. സ്വന്തം വായനയുകഥ, ഗുരുനാഥന്മാരെ പറ്റിയുള്ള ഓർമ്മ, സ്വന്തം ഭാഷയെക്കുറിച്ചുള്ള വിശകലനം, ധാർമിക രോഷത്തിന്റെ ചൂടും വൈകാരിക ബന്ധത്തിൻെറ ചൂരും നിറഞ്ഞ പുസ്തകം. അഴീക്കോട് ഇനിയും എഴുതിയിട്ടില്ലാത്ത ആത്മകഥയുടെ കുറെ അദ്ധ്യായങ്ങൾ ഇവിടെയുണ്ട് എന്നതാണ് ഈ സമാഹാരത്തിന്റെ വിശേഷം. അദ്ദേഹത്തിൻെറ ആത്മകഥയുടെ ബാല്യപർവ്വം എന്ന് പറയാവുന്ന ഒന്നാമത്തെ ലേഖനത്തെ വിചിത്ര വിഷയങ്ങളായ ലേഖനങ്ങൾ പിന്തുടരുന്ന ഏകലോകം, ശ്രീനാരായണ ഗുരു, മലയാള ഭാഷ, ഗ്രന്ഥശാലകൾ, ഓണം, പത്രപ്രവർത്തനം, നമ്മുടെ ഒന്നാമത്തെ മഹാകാവ്യം, കളി, ഉപവാസം, വർക്കി സാറിൻെറ ആദ്യ കൃതി എന്നിങ്ങനെ പാകപ്പെടുത്തിയാണ് "വായിച്ച വളർന്ന കഥ".

# തപോഭൂമി ഉത്തരഖണ്ഡ്



ഷിനി സുധേഷ്

വായനക്കുറിപ്പ്-**അമ്മ വായന**

എം. കെ. രാമചന്ദ്രന്റെ പ്രസിദ്ധമായ നോവൽ സമാഹാരമാണ് 'തപോഭൂമി ഉത്തരഖണ്ഡ്' . ഈ പുസ്തകത്തിൽ കവിയുടെ യാത്രയോടുള്ള ഭ്രമമാണ് വ്യക്തമാ ക്കുന്നത്. ഇതിൽ ആറ് ഭാഗങ്ങളായി വേർതിരിച്ചിരിക്കുന്നു. ഇവയിൽ ഓരോന്നും അദ്ദേഹത്തിന്റെ വ്യത്യസ്ത യാത്രാനുഭവങ്ങ ളാണ്. ഒരു പ്രദേശ ത്തിന്റെ ഓരോ വ്യക്തി യുടെയും ഭക്ഷണത്തിന്റെയും പ്രകൃതി മനോഹരി തയുടെയും വസ്ത്രധാരണത്തിൻെറയും കാലാവസ്ഥയിൽ ഉളവാക്കുന്ന മാറ്റങ്ങളെയും കവി വിവരി ക്കുന്നു.വായനക്കാർക്ക് പോലും അവി ടെപോയിവന്ന അനുഭൂതിഉളവാകുന്നു. മാനസസരസ് വരേയും വ്യാപിച്ച കിടക്കുന്ന ഭൂപ്രദേശമാണ്തപോഭൂമി.

കേദാരനാഥിലെ ശിവ ക്ഷേത്രവും ബദരീനാഥിലെ മഹാവിഷ്ണുക്ഷേത്രവും ഭാരതത്തിൻെറ സനാതന സംസ്കാര ത്തിൻെറ ഉദാത്ത പ്രതീകങ്ങളാണ്. നാമെല്ലാം ഏറെസ്നേഹിക്കുന്ന പുണ്യ നദിയായ ഗംഗയുടെ പ്രൗഢിയും ഭംഗിയും ഗാംഭീര്യവും ഭാരതത്തി ന്റെആത്മാവായ നദിയെന്ന് കവി വിശേഷിപ്പിക്കുന്നു.

ഉത്തരാഞ്ചൽ സംസ്ഥാനത്തിൻെറ ഗഡ് വാൾ ഭാഗത്ത് സ്ഥിതിചെയ്യുന്ന മല പ്രദേശങ്ങൾ ഏഴ് ജില്ലകളുണ്ട്. ഹരിദ്വാർ, ഡെഹ്റാഡൂൺ, ഉത്തരകാശി, പവ്റി, ടെഹ്രി, രുദ്രപ്രയാഗ്, ചമോളി എന്നിവയാണ് ഈ ജില്ലകൾ. ഇന്ത്യയുടെ ഇരപത്തി യേഴാമത്തെ സംസ്ഥാനമായി 2000 നവംബറിൽ ഉത്തരാഞ്ചൽ രൂപം കൊണ്ടു. കൂടാതെ നാല് അനുബ ന്ധങ്ങളും വിവരിച്ചിട്ടുണ്ട്. അനു ബന്ധം1ൽ ക്രിയായോഗസിദ്ധാന്തത്തെ കുറിച്ച് വിവരിക്കുന്നു. മനുഷ്യ ശരീര ത്തിലെ രക്തത്തെ വിമുക്ത മാക്കി പ്രാണ വായുവിനെ ശുദ്ധമാക്കി അനുഷ്ഠാനത്തിലൂടെ ഈശ്വരനും ആയുള്ള ഐക്യം നേടുക എന്ന പ്രക്രിയയാണ് ക്രിയായോഗം എന്നുപറയുന്നത്. ആത്മാവിനെ ബന്ധ നങ്ങളിൽ നിന്ന് സ്വതന്ത്രം ആക്കുക യാണ് വേണ്ടത്. രണ്ടാമത്തെ അനു ബന്ധമാണ് ജഗദ്ഗുരു ശ്രീശങ്കരാ ചാര്യർ. ഇതിൽ ലോകം മുഴുവൻ ആദരിക്കുന്ന ശ്രീശങ്കരാചാര്യരുടെ മഹത്വം സമകാലിക പ്രസക്തി

വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ ജീവിതകാലം 788 എ.ഡി .- എട്ടാം എ.ഡി. ആണ്. ആചാര്യരുടെ 34 കൃതികളും 60 ൽഏറെ സ്തോത്രങ്ങളും ഇതിൽ കവി വാക്കാൽ സമർഥി ക്കുന്നുണ്ട്.

മൂന്നാമത്തെ അനുബന്ധമാണ് 'നവനാഥ്സാധു സംഘം' ഇതിൽ നവയോഗികളുടെ ഉത്പ്പത്തിയക്കുറിച്ചും ഹൈന്ദവപുരാണഗ്രന്ഥമായ 'ശ്രീമദ്ഭാ ഗവത' ത്തിൽ വിവരിക്കുന്നു.മനുഷ്യരുടെ ആന്തരമായ ദു:ഖത്തിന് കാരണം ജന്മാന്തരത്തിൽ ചെയ്ത പാപകർമങ്ങള ടെ ഫലമായ അറിവില്ലായ്മയാണെന്നും, മനസ്സ്, ബുദ്ധി,അഹങ്കാരം, ചിത്തം എന്നിവ കൂടി ചേർന്നതാണ് എന്തിനും കാരണമായി ത്തീരുന്നതതെന്നും കവി പറയുന്നു.

നാലാമത്തെ അനുബന്ധമാണ് 'ആർഷസംസ്കാരത്തിന്റെ വിലമതിക്കാ നാവാത്ത സംഭാവനകൾ' മനുഷ്യവർഗം ലോകത്തിന് നൽകിയിട്ടുള്ള ആചാരങ്ങളും ചരിത്ര സംസ്കാര ങ്ങളേയും വ്യക്തമാക്കുന്നു. കോപ്പർനിക്കസ് തന്റെ പ്രശസ്തമായ 'ഭ്രമണസിദ്ധാന്തം ' പ്രസിദ്ധീകരിച്ചത് 1543 ലാണ്. ഭൂമിയിൽ നിൽക്കുന്ന മനുഷ്യർക്ക് സൂര്യനാണ് ചലിക്കുന്നതെന്ന് തോന്നിപ്പോകുന്നു. ഇതിനെ കുറിച്ച് 'ആര്യഭടീയം' എന്ന പ്രബന്ധം ഇതിനുത്തരമായ സംഭാവനയാകുന്നു.


നാഗരികതയുടെ ഹിംസാത്മകമായ പാതകളിൽ നിന്ന് മനുഷ്യനന്മയുടെ പ്രഭവസ്ഥാനങ്ങളിലേക്കുള്ള തീർത്ഥ യാത്രയാണ് ഈ പുസ്തകം. ഗഡ് വാൾ, ഹിമാലയത്തിൽപ്പെട്ട ഗംഗോത്രിധാമത്തിലെ കീർത്തികൾ, ചൗക്കംബ, റുഡുഗെയ്റ, ഖാറ്റലിങ് എന്നീ ഹിമാനികൾ കടന്ന് ബദരി ധാമത്തിലെ ബാൽക്കുണ്ഡ് കൊടുമുടിക്ക് അപ്പുറത്തുള്ള അളകാപുരി ഹിമാനിയു ടെ മുകൾ ഭാഗത്തു കിടക്കുന്ന സ്തോപന്ത് തടാകത്തേയും തേടി യുള്ള അതി ദുർഘടമായ യാത്രകളുടെ അനുഭവം. വ്യത്യസ്തമായ യാത്രാ വിവരണങ്ങളിൽ ഒന്നാണ് എം.കെ. രാമചന്ദ്രന്റെ ഈ പുസ്തകം.



ആകാശത്തിന്റെ ഒരേട് കടം വാങ്ങണം
കനവുകൾ മഴയായി പെയ്യുമ്പോൾ
മഴവില്ലൊന്നുവരയണം.

# വര







# ചിത്ര ആൽബം



SOORAJ.K.S
Class XC















Sharon Rajendran

Class :IX A





# വിരൽ തൊട്ട പട്ടങ്ങൾ




ANANTHAKRISHNAN.P.P
Class VB








ANANTHAKRISHNAN.K.V
Class VA



# TEAM LITTLE KITE's
# S.N.G.S.H.S.S KARAMUCK



# പിന്നെഴുത്ത്

അക്ഷരപ്പൂട്ടുകൾ തുറന്നു നോക്കുന്നതിന്റെ കൗതുകചിത്രങ്ങൾ ഇതൾ വിരിയുകയായിരുന്നു ഇതുവരെ. വിരൽ തൊട്ട പട്ടങ്ങൾ എന്ന ഡിജിറ്റൽ മാഗസിന്റെ Lay out, Design, coverpage design, Type setting തുടങ്ങി എല്ലാം നിർവ്വഹിച്ചിട്ടുള്ളത് LITTLE KITE's ലെ വിദ്യാർത്ഥികളാണ്.ഒരു മാഗസിൻ നിർമ്മിക്കാനുള്ള എളിയ പരിശീലനത്തിന്റെ ഭാഗമാണ് ഈ മാഗസിന്റെ പിറവ ി.ഇവയുടെ പാകങ്ങളും അപാകങ്ങളും ഞങ്ങൾ വിശകലനം ചെയ്തിട്ടില്ല.വലിയ തെറ്റുകൾ മാത്രം ചെറുതായി തിരുത്തുവാനേ ശ്രദ്ധിച്ചിട്ടുള്ളൂ.ഈ സ്നേഹസഞ്ചാരത്തിൽ കൈപിടിച്ചവരോടുള്ള നന്ദി ഹൃദയ ധമനികളിൽ സൂക്ഷിക്കുന്നു. ഈ വരണ്ടകാലത്തും സ്നിഗ്ധതയുടെ ആത്മചൈതന്യം അറ്റുപോയിട്ടില്ല എന്ന പ്രഖ്യാപനം ഈ മാഗസിന്റെ ഏടുകൾ അടയാളപ്പെടുത്തുന്നുവെങ്കിൽ ഞാൻ കൃതാർത്ഥനായി.

സ്നേഹത്തോടെ

ദിനേഷ് മാസ്റ്റർ